**പതിനഞ്ചാം കേരള നിയമസഭ**

# സബ്ജക്ട് കമ്മിറ്റി I

# (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)

## 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

2021 ജൂലൈ 26-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനഞ്ചാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി I

# (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)

**2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

960/2021.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി I
# (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)
# (2021 -2023)

**ഘടന**

ചെയർമാൻ :

ശ്രീ. പി. പ്രസാദ്,
കൃഷി വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീമതി ജെ. ചിഞ്ചുറാണി,
മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പുമന്ത്രി.

ശ്രീ. സജി ചെറിയാൻ,
മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. പി. പി. ചിത്തരഞ്ജൻ

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. സി. എച്ച്. കുഞ്ഞമ്പു

ശ്രീ. കെ. പി. മോഹനൻ

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. എം. വിൻസെന്റ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്.വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി.

ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി.

ശ്രീ. ഹരിവിശ്വൻ, ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീ. ജയകുമാർ. ജി, അണ്ടർ സെക്രട്ടറി.

# അവതാരിക

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നു.

2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ അഞ്ചാമത് റിപ്പോർട്ടിലെ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി I-ന്റെ 2020-21 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2020 മാർച്ച് 2-ാംതീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികളുടെ സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 23-12-2020, 2-7-2021 എന്നീ തീയതികളിലെ സമിതി യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2021 ജൂലൈ 2-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

പി. പ്രസാദ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി I.*

തിരുവനന്തപുരം,
2021 ജൂലൈ 2.

## റിപ്പോർട്ട്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I -ന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിൽ മറുപടി ലഭിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽനിന്ന് ലഭിച്ച മറുപടികളും.

<u>ശിപാർശ</u>

2401-00-001-88—<u>മലബാർ മാർക്കറ്റ് കമ്മറ്റിക്കുള്ള സഹായം</u>

വിഹിതം : 50,00,000 രൂപ (പദ്ധതിയേതരം)

മലബാർ മാർക്കറ്റ് കമ്മറ്റിയിലെ പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 28 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ മലബാർ മാർക്കറ്റ് കമ്മിറ്റിയിലെ പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും അനുവദിച്ച തുക അപര്യാപ്തമാണെന്ന സമിതിയുടെ ശിപാർശ പ്രകാരം ഉപധനാഭ്യർത്ഥന മുഖാന്തരം 41 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക ലഭിച്ചിട്ടില്ല.

<u>ശിപാർശ</u>

2401-00-001-86—<u>ഓഫീസ് ഓട്ടോമേഷൻ ആൻഡ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ</u>

വിഹിതം : 2,50,00,000 രൂപ (പദ്ധതി)

കൃഷി വകുപ്പിൽ ഇ-ഓഫീസ് നടപ്പിലാക്കി, സ്ഥാപനത്തിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെട്ട സേവനവും സുതാര്യതയും ഉറപ്പുവരുത്തുന്നതിനും സമയലാഭം കൈവരിക്കുകയും ചെയ്യുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ <u>ഈ ശീർഷകത്തിൽ 17 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 2)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശ പ്രകാരം ഓഫീസ് ഓട്ടോമേഷൻ ആൻഡ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ എന്ന പദ്ധതിക്കായി 2020-21 സാമ്പത്തിക വർഷത്തിൽ ധനപുനഃവിനിയോഗം/ഉപ ധനാഭ്യർത്ഥനവഴി 1700 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2401-00-102-90—<u>ഗ്രൂപ്പ് ഫാമിംഗ് മുഖേന നെൽകൃഷി വികസനം (ജില്ലാ പദ്ധതി)</u>

വിഹിതം : 1,18,24,00,000 രൂപ (പദ്ധതി)

13-ാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടെ നെൽകൃഷി 3 ലക്ഷം ഹെക്ടറിലേക്ക് വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള സുസ്ഥിര നെൽകൃഷി വികസന പദ്ധതി നടപ്പിലാക്കുന്നതിനായി 4927 ലക്ഷം രൂപയും നെൽകൃഷി വികസന ഏജൻസികൾക്കുള്ള ധനസഹായത്തിനായി 70 ലക്ഷം രൂപയും കരനെൽകൃഷി വികസനത്തിനായി 275 ലക്ഷം രൂപയും നെൽകൃഷി വ്യാപിപ്പിക്കുന്നതിന് കൂടുതൽ തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനായി 600 ലക്ഷം രൂപയും രജിസ്റ്റേർഡ് വിത്തുല്പാദന പരിപാടിക്കായി 25 ലക്ഷം രൂപയും നെൽകൃഷി വികസന പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി 10 ലക്ഷം രൂപയും പാടശേഖരങ്ങളിൽ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിന് 130 ലക്ഷം രൂപയും ഉൾപ്പെടെ <u>ഈ ശീർഷകത്തിൽ 60.37 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശ പ്രകാരം ഗ്രൂപ്പ് ഫാമിങ് മുഖേന നെൽകൃഷി വികസനം (ജില്ലാ പദ്ധതി) എന്ന പദ്ധതിക്കായി 2020-21 സാമ്പത്തിക വർഷത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി 6037 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2401-00-103-75—<u>ലോക്കേഷൻ സ്പെസിഫിക് സ്കീം</u>

വിഹിതം : 202,00,000 രൂപ (പദ്ധതി)

ആദിവാസി വിഭാഗത്തിന്റെ ഉന്നമനത്തിനായി നടപ്പിലാക്കുന്ന അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതിക്കായി 199 ലക്ഷം രൂപയും ആതിരപ്പള്ളി ട്രൈബൽ വാലി പദ്ധതിക്കായി 99 ലക്ഷം രൂപയും പ്രാദേശിക വിളകളുടെ വികസനത്തിനായുള്ള പദ്ധതി മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനായി 148 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 4.46 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

പ്രാദേശികാടിസ്ഥാനത്തിലുള്ള വിളകളുടെ പരിപാലനം എന്ന പദ്ധതിയിൽ ആദിവാസി വിഭാഗത്തിന്റെ ഉന്നമനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾക്കായി സമിതിയുടെ ശിപാർശ പ്രകാരം ഉപധനാഭ്യർത്ഥന മുഖാന്തരം 446 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും തുക അനുവദിച്ചില്ല.

ശിപാർശ

2401-00-104-91—ഡിപ്പാർട്ട്മെന്റ് കൃഷി സ്ഥലങ്ങൾ മുഖേന നടീൽ വസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കൽ

വിഹിതം : 18,70,00,000 രൂപ (പദ്ധതി)

16 ഫാമുകളിൽ നിലവിലുള്ള സംയോജിത കൃഷി മാതൃകാ പ്രദർശനത്തോട്ടത്തിന്റെ തുടർ പരിപാലനത്തിനായും VFPCK മുഖേനയുള്ള നടീൽ വസ്തു ഉല്പാദനത്തിനായും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം ഡിപ്പാർട്ട്മെന്റ് കൃഷി സ്ഥലങ്ങൾ മുഖേന നടീൽ വസ്തുക്കളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കൽ എന്ന പദ്ധതിക്കായി 2020-21 സാമ്പത്തിക വർഷത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി 150 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-105-86—ആധുനിക പരീക്ഷണശാലകൾ സ്ഥാപിക്കൽ

വിഹിതം : 3,70,00,000 രൂപ (പദ്ധതി)

സംസ്ഥാനത്തെ ബയോടെക്നോളജി ലാബ്, ബയോകൺട്രോൾ ലാബ്, മണ്ണ് പരിശോധനാ ലാബുകൾ എന്നിവയുടെ വിവിധ ആവശ്യങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ലാബുകളുടെ വിവിധ ആവശ്യങ്ങൾക്കായി അധികതുക വകയിരുത്തണമെന്ന സമിതിയുടെ ശിപാർശ പ്രകാരം 230 ലക്ഷം ഉപധനാഭ്യർത്ഥന വഴി ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

ശിപാർശ

2401-00-105-85—ഓർഗാനിക് ഫാമിംഗ്

വിഹിതം : 1,62,00,000 രൂപ (പദ്ധതി)

ഉത്തമ കൃഷിമുറകൾ പാലിച്ച 150ക്ലസ്റ്ററുകളുടെ രൂപീകരണത്തിനായി 112.50ലക്ഷം രൂപയും കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന അവശിഷ്ട വിഷാംശ പരിശോധന ലാബിൽ പഴം, പച്ചക്കറികളുടെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തുന്നതിനും പരിശോധനാഫലം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുമായി 50 ലക്ഷം രൂപയും പ്രവർത്തനങ്ങളുടെ നടത്തിപ്പിനായുള്ള ധനസഹായമായി 60ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 2.225 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതിക്കായി സമിതിയുടെ ശിപാർശ പ്രകാരം 222.5 ലക്ഷം രൂപ ഉപധനാഭ്യർത്ഥന മുഖാന്തരം അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

ശിപാർശ

2401-00-107-78—വിളകളുടെ ആരോഗ്യ സംരക്ഷണം

വിഹിതം: 7,81,00,000 രൂപ (പദ്ധതി)

കേരള സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റിന്റെ പ്രവർത്തനങ്ങൾക്കായുള്ള ഘടകത്തിന് 15 ലക്ഷം രൂപയും പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി 35 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

വിളകളുടെ ആരോഗ്യ സംരക്ഷണം എന്ന പദ്ധതിക്കായി സമിതിയുടെ ശിപാർശ പ്രകാരം 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന മുഖേന അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-108-56—കവുങ്ങ് കൃഷിവികസന പരിപാടി

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

കാസർഗോഡ്, മലപ്പുറം, വയനാട്, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകൾക്കുപുറമെ മറ്റ് ജില്ലകളിലെ കവുങ്ങ് കൃഷിക്കാർക്കുകൂടി ടി പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

കവുങ്ങ് കൃഷി വികസനത്തിനായി സമിതിയുടെ ശിപാർശ പ്രകാരം 100 ലക്ഷം രൂപ ഉപധനാഭ്യർത്ഥന മുഖാന്തരം അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

ശിപാർശ

2401-00-109-84—കാർഷിക വിജ്ഞാനവും വ്യാപനവും

വിഹിതം : 3,83,00,000 രൂപ (പദ്ധതി)

കേരള കർഷകൻ മാസികയുടെ ചെലവുകൾക്കായി 140 ലക്ഷം രൂപയും ഫാം ഇൻഫർമേഷൻ ബ്യൂറോയ്ക്കായി 37 ലക്ഷം രൂപയും ദേശീയ ഫാം ഫിലിം ഫെസ്റ്റിവൽ നടത്തിപ്പിനായി 15 ലക്ഷം രൂപയും ആലപ്പുഴയിൽ പുതുതായി സ്ഥാപിക്കുന്ന കമ്മ്യൂണിറ്റി റേഡിയോസ്റ്റേഷന്റെ പ്രവർത്തനങ്ങൾക്കായി 40 ലക്ഷം രൂപയും തൃശ്ശൂരിൽ പുതുതായി സ്ഥാപിക്കുന്ന ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പുതിയ മേഖല ഓഫീസിന്റെ സ്ഥാപനചെലവുകൾക്കായി 30 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ ആകെ 2.62 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

കാർഷിക വിജ്ഞാനവും വ്യാപനവും എന്ന പദ്ധതിയുടെ ഘടകങ്ങളായ കേരള കർഷക മാസികയുടെ ചെലവുകൾ, ഫാം ഇൻഫർമേഷൻ ബ്യൂറോ, ദേശീയ ഫാം ഫിലിം ഫെസ്റ്റിവൽ, ആലപ്പുഴയിൽ സ്ഥാപിക്കുന്ന കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ, തൃശ്ശൂരിൽ പുതുതായി സ്ഥാപിക്കുന്ന ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ചെലവുകൾക്കായി സമിതിയുടെ ശിപാർശ പ്രകാരം ഉപധനാഭ്യർത്ഥനവഴി 262 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-109-80—കാർഷിക വ്യാപനം ശക്തിപ്പെടുത്തൽ

വിഹിതം : 15,55,00,000 രൂപ (പദ്ധതി)

കഴക്കൂട്ടം R.A.T.T.C.-യുടെ പുതിയ കെട്ടിട നിർമ്മാണത്തിനായി 185 ലക്ഷം രൂപയും ലീഡ്സിന്റെ പ്രവർത്തനങ്ങൾക്കായി 200 ലക്ഷം രൂപയും കേരള അഗ്രികൾച്ചറൽ ഇന്നവേഷൻ എക്സ്റ്റൻഷൻ പ്രോജക്ടിനായി (K.A.I.E.P.) 700 ലക്ഷം രൂപയും മികച്ച പ്രകടനത്തിനുള്ള അവാർഡുകൾ നൽകുന്നതിനായി 150 ലക്ഷം രൂപയും ഫീൽഡ് അസിസ്റ്റന്റുമാർ, ബ്ലോക്ക് ടെക്നോളജി മാനേജർമാർ എന്നിവർക്കുള്ള പരിശീലനം നൽകുന്നതിനായി 10 ലക്ഷം രൂപയും ആത്മയ്ക്കുള്ള പ്രവർത്തന സഹായത്തിനായി 50 ലക്ഷം രൂപയും കർഷക ദിനാഘോഷം, കാർഷിക വികസന സമിതി, വർക്ക് ഷോപ്പ് അവലോകനം എന്നിവയ്ക്കായി 270 ലക്ഷം രൂപയും കർഷക നൈപുണ്യ അവാർഡ് എന്ന ഘടകത്തിന് 50 ലക്ഷം രൂപയും കർഷക സഭകളുടെ നടത്തിപ്പിനായി 175 ലക്ഷം രൂപയും കൃഷി വകുപ്പിൽ സോഷ്യൽ ഓഡിറ്റിനായി 20 ലക്ഷം രൂപയും വൈഗ അന്താരാഷ്ട്ര ശിൽപ്പശാലയുടെ ചെലവുകൾക്കായി 50 ലക്ഷം രൂപയും പാഠം ഒന്ന് പാടത്തേക്ക്

പദ്ധതിക്കായി 100 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 19.60 കോടി രൂപ ധന സഹായം അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

കാർഷിക വ്യാപനം ശക്തിപ്പെടുത്തൽ എന്ന പദ്ധതിക്കായി സമിതിയുടെ ശിപാർശ പ്രകാരം 2020-21 സാമ്പത്തിക വർഷത്തെ ഉപധനാഭ്യർത്ഥനയിലൂടെ 1960 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും തുക ഒന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-109-76—കർഷക ക്ഷേമനിധി ബോർഡ്

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

കേരള നിയമസഭ പാസ്സാക്കിയ കർഷക ക്ഷേമനിധി ബില്ലിന്റെ അടിസ്ഥാനത്തിൽ രൂപംകൊണ്ട കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിനായി സമിതിയുടെ ശിപാർശ പ്രകാരം ഉപധനാഭ്യർത്ഥന മുഖാന്തരം 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും തുക അനുവദിച്ചില്ല.

ശിപാർശ

2401-00-113-83—കാർഷിക സേവന കേന്ദ്രവും സേവനം എത്തിക്കലും

വിഹിതം : 4,12,00,000 രൂപ (പദ്ധതി)

സംസ്ഥാനത്തെ 75 മൊബൈൽ ക്ലിനിക്കുകളുടെ പ്രവർത്തനത്തിനായി 75 ലക്ഷം രൂപയും നിലവിലുള്ള കാർഷിക കർമ്മസേനകൾ ശക്തിപ്പെടുത്തുന്നതിനായി 199 ലക്ഷം രൂപയും കാർഷിക സേവന കേന്ദ്രങ്ങളിലെ മണ്ണ് പരിശോധനാ ലാബുകളുടെ പ്രവർത്തനത്തിനായി 10 ലക്ഷം രൂപയും കൃഷി ഭവനുകളുടെ വാഹനങ്ങൾക്കുള്ള

പ്രവർത്തന സഹായത്തിനായി 50 ലക്ഷം രൂപയും നിലവിലുള്ള കാർഷിക സേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 199 ലക്ഷം രൂപയും റീജണൽ ഫാം ഫെസിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി 215 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 7.48 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം കാർഷിക സേവന കേന്ദ്രവും സേവനം എത്തിക്കലും എന്ന പദ്ധതിക്കായി 2020-21 സാമ്പത്തിക വർഷത്തിൽ ഉപധനാഭ്യർത്ഥന വഴി 7.48 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും തുക അനുവദിച്ചുകിട്ടിയില്ല. എന്നാൽ ധനപുനഃവിനിയോഗംവഴി 3.9611 കോടി രൂപ അനുവദിക്കുകയുണ്ടായി. ആയത് കരാർ ജീവനക്കാർക്ക് ഓണറേറിയം നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ

2401-00-115-99—ചെറുകിട നാമമാത്ര നെൽകൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി

വിഹിതം : 35,50,00,000 രൂപ (പദ്ധതിയേതരം)

കെ.എസ്.ഇ.ബി.-യ്ക്കുള്ള കുടിശ്ശിക നൽകുന്നതിനായി ഈ ശീർഷകത്തിൽ 61 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

ചെറുകിട നാമമാത്ര നെൽകൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതിക്കായി 2020-21 സാമ്പത്തിക വർഷത്തിൽ 3550 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് കൂടാതെ സമിതിയുടെ ശിപാർശ പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ സൗജന്യ വൈദ്യുതി പദ്ധതിക്കായി 6100 ലക്ഷം രൂപ അധിക ധനാഭ്യർത്ഥന നടത്തിയിരുന്നു. അധിക ധനാഭ്യർത്ഥനയിലൂടെ 5-2-2021-ൽ 2000 ലക്ഷം രൂപയും 8-2-2021-ൽ 129.03 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ടി ശീർഷകത്തിൽ ആകെ അനുവദിച്ച 5679.03 ലക്ഷം രൂപയിൽ 5678.06 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ

2401-00-119-85—കൃഷി വകുപ്പ് മുഖേനയുള്ള പച്ചക്കറി വികസനം

വിഹിതം : 62,22,00,000 രൂപ (പദ്ധതി)

ജീവനി പദ്ധതിയുടെ നടത്തിപ്പിനായി 2421 ലക്ഷം രൂപയും തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ കൃഷി നടത്തുന്നതിന് പ്രോജക്റ്റടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷിക്കായി 500 ലക്ഷം രൂപയും പച്ചക്കറി വികസന പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി 50 ലക്ഷം രൂപയുമുൾപ്പെടെ ഈ ശീർഷകത്തിൽ 29.71 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ പച്ചക്കറി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ സുഗമമായ നടത്തിപ്പിനായി സമിതിയുടെ ശിപാർശ പ്രകാരം ഉപധനാഭ്യർത്ഥന മുഖാന്തരം 2971 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

ശിപാർശ

2401-00-191-50—റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് (കോർപ്പറേഷൻ)

വിഹിതം : 50,000 രൂപ (പദ്ധതിയേതരം)

മുൻവർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 48.5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം റവന്യൂ ചെലവുകൾക്കായി ബ്ലോക്ക് ഗ്രാന്റ് (കോർപ്പറേഷൻ) എന്ന പദ്ധതിക്കായി 2020-21 സാമ്പത്തിക വർഷത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി 48.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-192-50—റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് (മുനിസിപ്പാലിറ്റി)

വിഹിതം : 44,00,000 രൂപ (പദ്ധതിയേതരം)

മുൻവർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 96 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം റവന്യൂ ചെലവുകൾക്കായി ബ്ലോക്ക് ഗ്രാന്റ് (മുനിസിപ്പാലിറ്റി) എന്ന പദ്ധതിക്കായി 2020-21 സാമ്പത്തിക വർഷത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി 96 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-198-50—റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് (ഗ്രാമപഞ്ചായത്ത്)

വിഹിതം : 13,24,00,000 രൂപ (പദ്ധതിയേതരം)

മുൻവർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 18.03 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം റവന്യൂ ചെലവുകൾക്കായി ബ്ലോക്ക് ഗ്രാന്റ് (ഗ്രാമ പഞ്ചായത്ത്) എന്ന പദ്ധതിക്കായി 2020-21 സാമ്പത്തിക വർഷത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി 1803 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-800-28—മണ്ണിന്റെ ആരോഗ്യ പരിപാലനവും ഉല്പാദനക്ഷമത വർദ്ധിപ്പിക്കലും

വിഹിതം:24,62,00,000 രൂപ (പദ്ധതി)

60,000 ഹെക്ടർ സ്ഥലത്ത് സോയിൽ അമിലെയറാന്റ്സ് നല്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 8.53 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലനവും ഉല്പാദനക്ഷമത ഉയർത്തലും എന്ന പദ്ധതിക്കായി 2020-21 സാമ്പത്തിക വർഷത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി 853 ലക്ഷം രൂപ ആവശ്യപ്പെടുകയും ധനപുനഃവിനിയോഗംവഴി 1238.92132 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

2401-00-109-60—കൃഷി പാഠശാല അഗ്രോ ഇക്കോളജിക്കൽ അധിഷ്ഠിത കൃഷി സമീപനം

വിഹിതം : 3,50,00,000 രൂപ (പദ്ധതി)

കാർഷിക ആവാസ യൂണിറ്റടിസ്ഥാനത്തിലുള്ള കൃഷി എന്ന ആശയത്തെ സംബന്ധിച്ച് കർഷകർക്ക് അവബോധം ഉണ്ടാക്കുന്നതിനായി നൈപുണ്യ പരിശീലന പരിപാടി കൃഷി ഭവനുകൾ വഴി നടപ്പാക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.88 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

കാർഷിക ആവാസ യൂണിറ്റടിസ്ഥാനത്തിലുള്ള കൃഷി എന്ന ആശയത്തെ സംബന്ധിച്ച് കർഷകർക്ക് അവബോധം ഉണ്ടാക്കുന്നതിനായി നൈപുണ്യ പരിശീലന പരിപാടിക്കായി സമിതിയുടെ ശിപാർശ പ്രകാരം ഉപധനാഭ്യർത്ഥനവഴി 1.88 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-112-96—കിഴങ്ങ്/പയർ വർഗ്ഗങ്ങളുടെ വികസനം

വിഹിതം : 1,50,00,000 രൂപ (പദ്ധതി)

പയർ വർഗ്ഗ കൃഷി കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ പയർ വർഗ്ഗ കൃഷി കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനായി സമിതിയുടെ ശിപാർശ അനുസരിച്ച് ഈ ശീർഷകത്തിൽ അധികമായി 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും തുക അനുവദിച്ചില്ല.

ശിപാർശ

2401-00-800-27—വയനാട് പാക്കേജ്

വിഹിതം : 13,35,00,000 രൂപ (പദ്ധതി)

വയനാട് പാക്കേജ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി, പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ എന്ന ഘടകത്തിന് 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സർക്കാർ സ്വീകരിച്ച നടപടി

വയനാട് പാക്കേജ് പദ്ധതിയിലെ മറ്റ് ഘടകങ്ങളിൽനിന്നും സേവിങ്സിലൂടെ 30 ലക്ഷം രൂപ കണ്ടെത്തി അംഗീകാരം നൽകിയിട്ടുണ്ട്.

ശിപാർശ

2415-01-004-88—കടൽ നിരപ്പിൽ നിന്നും താഴ്ന്ന പ്രദേശത്തെ കൃഷിക്കായുള്ള കുട്ടനാട് അന്തർദേശീയ ഗവേഷണ പരിശീലനകേന്ദ്രം

വിഹിതം : 20,00,000 രൂപ (പദ്ധതി)

സർക്കാർ അനുവദിച്ച വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് പദ്ധതി നിർവ്വഹണത്തിനുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗംവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തെ അന്തർദേശീയ ഗവേഷണ പരിശീലന കേന്ദ്രത്തിന്റെ വിവിധ പ്രവർത്തനത്തിനായി 80 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ധനപുനഃവിനിയോഗം മുഖേന 79.85 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത തുക അന്തർദേശീയ ഗവേഷണ പരിശീലന കേന്ദ്രത്തിന്റെ വിവിധ പദ്ധതികൾക്ക് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

2435-01-101-85—<u>വില സ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ</u>
വിഹിതം : 20,00,00,000 രൂപ (പദ്ധതി)

തെരഞ്ഞെടുത്ത കാർഷിക ഉൽപ്പന്നങ്ങളുടെ വിലസ്ഥിരത ഉറപ്പാക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഉത്സവകാലങ്ങളിൽ പച്ചക്കറികൾ സംഭരിക്കുന്നതിനുമായി വിപണിയിൽ ശക്തമായ ഇടപെടൽ നടത്തുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ <u>ഈ ശീർഷകത്തിൽ 5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗംവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 24)

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ വിലസ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ എന്ന പദ്ധതിക്കായി ഉപധനാഭ്യർത്ഥന മുഖേന അധികമായി തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2435-01-800-99—<u>മാർക്കറ്റ് വികസനം</u>

വിഹിതം : 8,90,00,000 രൂപ (പദ്ധതി)

കാർഷിക മൊത്ത വ്യാപാര വിപണികളുടെയും മറ്റ് സംഭരണ കേന്ദ്രങ്ങളുടെയും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും E-Nam മാർക്കറ്റുകളിലേയ്ക്ക് ലോജിസ്റ്റിക്സ് സപ്പോർട്ട് എന്ന നിലയിൽ സഹായം നൽകുന്നതിനും കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ നവീകരിക്കുന്നതിനുമായി 150 ലക്ഷം രൂപയും അഗ്മാർക്ക് നെറ്റിനും വിപണി വിവരശേഖരണത്തിനുമായി 10 ലക്ഷം രൂപയും ആലപ്പുഴ ജില്ലയിൽ നിയമിച്ച 25 പുതിയ കർഷകമിത്രങ്ങൾക്ക് പരിശീലനം നൽകുന്നതിന് 80 ലക്ഷം രൂപയും കാർഷിക മേളകൾ

നടത്തുന്നതിനായി 80 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 3.2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ 2435-01-800-99 പ്ലാൻ ശീർഷകത്തിൽ 3.2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത തുക ആവശ്യമായി വരാത്തതിനാൽ ശിപാർശ സമർപ്പിച്ചിട്ടില്ല.

ശിപാർശ

2435-01-800-94—മൂല്യവർദ്ധനവ്

വിഹിതം : 12,75,00,000 രൂപ (പദ്ധതി)

SFAC മുഖേന സംരംഭകർക്ക് സാങ്കേതിക സഹായം നൽകുന്നതിനായി 275 ലക്ഷം രൂപയും സർക്കാർ/പൊതുമേഖല/സഹകരണ/കുടുംബശ്രീ യൂണിറ്റ് തലത്തിൽ കർഷകരുടെ വരുമാന വർദ്ധനവ് ഉറപ്പുവരുത്തുന്നതിനായി വിപണികൾക്കും മൂല്യവർദ്ധനവ് യൂണിറ്റുകൾക്കുമായുള്ള ധനസഹായത്തിനായി 50 ലക്ഷം രൂപയും തേൻ ഉല്പാദനത്തിനായി 25 ലക്ഷം രൂപയും അഗ്രോപാർക്കിനായി 20 ലക്ഷം രൂപയും സംസ്ഥാന നാളികേര വികസന കോർപ്പറേഷന് 100 ലക്ഷം രൂപയും വാഴക്കുളം അഗ്രോ ആന്റ് പ്രോസസ്സിംഗ് കമ്പനിക്കായി 100 ലക്ഷം രൂപയും ഉൾപ്പെടെ ആകെ ഈ ശീർഷകത്തിൽ 5.7 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം പ്രസ്തുത പദ്ധതിക്കായി ഉപധനാഭ്യർത്ഥന പ്രകാരം 5.7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചുനൽകിയിട്ടില്ല.

ശിപാർശ

2810-00-105-97—ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണത്തിനുള്ള അധിക ധനസഹായം

വിഹിതം : 50,00,000 രൂപ (പദ്ധതി)

2020-21 സാമ്പത്തിക വർഷത്തിൽ ജനറൽ കാറ്റഗറി വിഭാഗത്തിലും എസ്.സി. കാറ്റഗറിയിലും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ബജറ്റിൽ വകയിരുത്തയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 39 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗംവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

ന്യൂ നാഷണൽ ബയോഗ്യാസ് ആൻഡ് ഓർഗാനിക് മാന്യുർ പ്രോഗ്രാം 2020-21 സാമ്പത്തിക വർഷത്തേക്ക് അധിക ധനസഹായമായ 39 ലക്ഷം രൂപ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

4401-00-104-98—ഡിപ്പാർട്ട്മെന്റ് കൃഷിത്തോട്ടങ്ങളിൽ നടീൽ വസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കൽ

വിഹിതം : 51,00,000 രൂപ (പദ്ധതി)

63 ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും 13 സ്പെഷ്യൽ ഫാമുകളുടെ യന്ത്രവൽക്കരണ പ്രവർത്തനങ്ങൾക്കുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 6.24 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗംവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സർക്കാർ സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തെ ഡിപ്പാർട്ട്മെന്റ് കൃഷിത്തോട്ടങ്ങളിൽ നടീൽ വസ്തുക്കളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കൽ എന്ന പദ്ധതിക്കായി 624 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതിയുടെ ശിപാർശ പ്രകാരം അധിക ധനാനുമതി മുഖേന 99.15 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത തുക കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിലെ സർക്കാർ ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

4401-00-113-98—കാർഷിക സേവന കേന്ദ്രങ്ങളുടെ സ്ഥാപനം

വിഹിതം : 1,60,00,000 രൂപ (പദ്ധതി)

ബ്ലോക്കുതല ഓഫീസുകൾ, പ്ലാന്റ് ക്ലിനിക്കുകൾ എന്നിവയുടെ നവീകരണത്തിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന /ധനപുനഃവിനിയോഗംവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം കാർഷിക സേവന കേന്ദ്രങ്ങളുടെ സ്ഥാപനം എന്ന പദ്ധതിക്കായി 2020-21 സാമ്പത്തിക വർഷത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

4435-01-101-97—ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി (RIDF പദ്ധതികൾ)

വിഹിതം : 7,50,00,000 രൂപ (പദ്ധതി)

കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി RIDF വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്ന ട്രാൻഷെ XX-XXV വരെയുള്ള പുതിയതും തുടർന്നുകൊണ്ടിരിക്കുന്നതുമായ പദ്ധതികളുടെ പൂർത്തീകരണത്തിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗംവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി എന്ന പദ്ധതിക്കായി 2020-21 സാമ്പത്തിക വർഷത്തിൽ ഉപധനാഭ്യർത്ഥനവഴി 2.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ അധിക ധനാനുമതി മുഖേന 7.1475 കോടി രൂപ അനുവദിക്കുകയും പ്രസ്തുത തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

പുതിയ ശീർഷകം അനുവദിക്കുന്നതിന്

വാഴക്കുളം അഗ്രോ ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനിക്കായി പുതിയ ശീർഷകം അനുവദിച്ച് 3 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗംവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

വാഴക്കുളം അഗ്രോ ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനിക്കായി സമിതിയുടെ ശിപാർശ പ്രകാരം പുതിയ ശീർഷകം (6401-00-190-86) അനുവദിക്കുകയും 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ അധികധനാനുമതി (Additional Authorization) പ്രകാരം 3 കോടി രൂപ അനുവദിക്കുകയും പ്രസ്തുത തുക കമ്പനിയുടെ ലോൺ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന് ധനസഹായത്തിനായി പുതിയ ശീർഷകം അനുവദിച്ച് 2 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സ്വീകരിച്ച നടപടി

കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ ധനസഹായത്തിനായി സമിതിയുടെ ശിപാർശ പ്രകാരം പുതിയ ശീർഷകം (2401-00-190-92) അനുവദിക്കുകയും 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ ടോക്കൺ തുകയായി 1,000 (രൂപ ആയിരം മാത്രം) അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**കേരള കാർഷിക സർവ്വകലാശാല**

ശിപാർശ

2415-01-277-99-31—കേരള കാർഷിക സർവ്വകലാശാല സഹായധനം-ശമ്പളം

വിഹിതം : 3,37,00,59,000 രൂപ (പദ്ധതിയേതരം)

കെ.പി.എസ്.സി. മുഖേനയുള്ള അനദ്ധ്യാപക ജീവനക്കാരുടെ നിയമനം, ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കരണം, ജീവനക്കാരുടെ ശമ്പളപരിഷ്കരണ കുടിശ്ശിക, കരിയർ അഡ്വാൻസ്മെന്റ്, പ്രൊമോഷൻ കുടിശ്ശിക, അദ്ധ്യാപക നിയമനം, ഉയർന്ന തോതിലുള്ള വിരമിക്കൽ, യു.ജി.സി. ശമ്പള പരിഷ്കരണം, പെൻഷൻ, പി.എഫ്. തുടങ്ങിയവയിലെ ബാധ്യതകൾ നൽകുന്നതിന് ഈ ശീർഷകത്തിൽ 262.2852 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗംവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

2415-01-277-99-35—<u>കേരള കാർഷിക സർവ്വകലാശാല-മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

വിഹിതം : 15,00,00,000 രൂപ (പദ്ധതി)

സർവ്വകലാശാലയുടെ അടിസ്ഥാന സൗകര്യവികസനത്തിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4.6 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗംവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

2415-01-277-99-36—<u>കേരള കാർഷിക സർവ്വകലാശാല സഹായധനം-ശമ്പളേതരം</u>

വിഹിതം : 56,14,00,000 രൂപ (പദ്ധതി)

സർവ്വകലാശാലയുടെ വിദ്യാഭ്യാസ ഗവേഷണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി <u>ഈ ശീർഷകത്തിൽ 8.76 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗംവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 35)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷം കേരള കാർഷിക സർവ്വകലാശാലയ്ക്ക് അനുവദിച്ച തുകയായ പദ്ധതിയേതര വിഹിതം 337.0059 കോടി രൂപ 2019-20 സാമ്പത്തിക വർഷം കേരള കാർഷിക സർവ്വകലാശാലയ്ക്ക് അനുവദിച്ച തുകയേക്കാൾ 10% കുറവാണ്. കാർഷിക സർവ്വകലാശാലയുടെ ഒഴിവാക്കാനാവാത്ത പദ്ധതിയേതര ചെലവിനങ്ങളായ ശമ്പളം,

വേതനം, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവയുടെ വിതരണത്തെ ഇത് പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അതുവഴി കാർഷിക സർവ്വകലാശാലയുടെ സുഗമമായ പ്രവർത്തനത്തേയും ബാധിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. 2020-21-ൽ കാർഷിക സർവ്വകലാശാലയുടെ സാധാരണ ചെലവിനങ്ങളായ ശമ്പളം, വേതനം, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവയട ക്കമുള്ള ഇനങ്ങളിൽ ആനുപാതിക വർദ്ധനവ് വന്നിട്ടുണ്ട്. K.P.S.C. മുഖേനയുള്ള അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഫാം ജീവനക്കാർ, ഓഫീസ് അറ്റൻഡന്റ് തുടങ്ങിയവരുടെ നിയമനം അദ്ധ്യാപക നിയമനം യു.ജി.സി. ശമ്പള പരിഷ്കരണ കുടിശ്ശിക എന്നിവയാണ് ഒഴിച്ചുകൂടാനാവാത്ത മറ്റ് ചെലവിനങ്ങൾ.

സർവ്വകലാശാലയുടെ ആവശ്യകതയ്ക്ക് അനുസരിച്ച് ഗ്രാന്റ് സർക്കാരിൽനിന്ന് ലഭിക്കാത്തതുമൂലം 10-ാം പദ്ധതിക്കാലം മുതൽതന്നെ പി.എഫ്. അക്കൗണ്ടിൽ പണമടക്കുന്നതിനും ശമ്പള കുടിശ്ശിക, പെൻഷൻ കുടിശ്ശിക വിതരണത്തിനും സർവ്വകലാശാലയ്ക്ക് സാധിക്കാതെ വരികയാണ്.

ഡബ്ല്യൂപി (സി)-10214/2015-ൽ 9-4-2015-ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിപ്രകാരം വിരമിക്കൽ തീയതി അടിസ്ഥാനമാക്കി അതിനനുസൃതമായി മാത്രം വിരമിക്കൽ ആനുകൂല്യങ്ങൾ നൽകണമെന്നും വിരമിച്ച് നാല് മാസത്തിനകം വിരമിക്കൽ ആനുകൂല്യങ്ങൾ നൽകിയില്ലെങ്കിൽ 6% പലിശ നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിവിധ കോടതിവിധികളുടെ അടിസ്ഥാനത്തിൽ വിരമിച്ച ജീവനക്കാർക്കും നിലവിലുള്ള ജീവനക്കാർക്കും കുടിശ്ശികകൾ നൽകാൻ സർവ്വകലാശാല നിർബന്ധിതമായിരിക്കുകയാണ്. ഇത്തരത്തിൽ നിരവധി കോടതി കേസുകൾ ഇപ്പോഴും സർവ്വകലാശാലയിൽ നിലനിൽക്കുന്നുണ്ട്. വിരമിക്കൽ ആനുകൂല്യങ്ങൾ ഇപ്പോഴും വൻതോതിൽ കുടിശ്ശിക നിലനിൽക്കുകയാണ്. 31-7-2020-ന് പ്രാബല്യത്തിൽ നിലനിൽക്കുന്ന കുടശ്ശിക ഇനം തിരിച്ച് താഴെ ചേർക്കുന്നു:

| ക്രമനമ്പർ | ഇനം | തുക (കോടി രൂപയിൽ) |
|---|---|---|
| (1) | (2) | (3) |
| 1 | പെൻഷൻ (പരിഷ്കരണ കുടിശ്ശികയടക്കം) | 36,35,975 |
| 2 | കമ്മ്യൂട്ടേഷൻ | 9,23,21,041 |
| 3 | ഡി.സി.ആർ.ജി | 7,73,21,065 |
| 4 | ക്ഷാമാശ്വാസ കുടിശ്ശിക | 157,94,078 |
| 5 | ആജീവനാന്ത കുടിശ്ശിക | 56,745 |
| 6 | മറ്റ് വിരമിക്കൽ ആനുകൂല്യങ്ങൾ | --- |

| (1) | (2) | (3) |
|---|---|---|
| 7 | ആർജിത അവധി ടെർമിനൽ സറണ്ടർ | 3,56,68,683 |
| 8 | പി. എഫ് ഇനത്തിലുള്ള കുടിശ്ശിക | 51,80,11,080 |
| 9 | ഓഡിറ്റ് കുടിശ്ശിക | 2,51,79,304 |
| 10 | യു.ജി.സി. അരിയർ | 65,48,64,029 |
| 11 | കെ. എ. യു. പെൻഷൻ ഫണ്ട് | 120,00,000,00 |
| | ആകെ | 262,28,52,000 |
| ഇക്കാര്യത്തിൽ അഭിപ്രായം തേടിയപ്പോൾ ചെലവുകൾ നിലവിലെ ബഡ്ജറ്റ് അലോക്കേഷനിൽ പരിമിതപ്പെടുത്തണമെന്ന ധനകാര്യ വകുപ്പ് നിർദ്ദേശിച്ചു. | | |

<u>ശിപാർശ</u>

<u>മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ്</u>

2402-00-102-99—<u>കൃഷിയോഗ്യനിലയങ്ങളിലെ മണ്ണ് ജലസംരക്ഷണം (ജില്ലാ പദ്ധതി)</u>

വിഹിതം : ഇല്ല

2402-00-102-96-വെള്ളം കെട്ടിക്കിടക്കുന്ന പ്രദേശങ്ങൾ എന്ന ശീർഷകം നിർത്തലാക്കാൻ സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ചിരുന്നതിനാൽ മേൽശീർഷകത്തിൽ <u>28.6 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗംവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 36)

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശ അനുസരിച്ച് 28.6 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടെങ്കിലും 2020-21 സാമ്പത്തിക വർഷം തുകയൊന്നും ലഭിച്ചിട്ടില്ല. 19-2-2021-ലെ കൃഷി (പിബി) വകുപ്പിന്റെ PB2/119/2020/കൃഷി നമ്പർ സർക്കാർ കത്ത് പ്രകാരം 2402-00-102-96 ശീർഷകത്തിൽനിന്നും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും മാറുന്നത് അവസാനിപ്പിക്കുവാനും 2021 ഏപ്രിൽ മാസം മുതൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും 2402-00-001-99 NP ശീർഷകത്തിൽ മാറ്റണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2402-00-102-83—<u>റിവർവാലി പ്രോജക്ട് (100% സംസ്ഥാന വിഹിതം)</u>

വിഹിതം : ഇല്ല

കബനി പദ്ധതിയിലെ ജീവനക്കാരെ പുനർവിന്യസിക്കാനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലായതിനാൽ ടി പദ്ധതിയിലെ ജീവനക്കാർക്ക് ശമ്പളത്തിനും മറ്റ് അലവൻസുകൾക്കുമായി ഈ ശീർഷകത്തിൽ 5.76 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗംവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സർക്കാർ സ്വീകരിച്ച നടപടി

21-10-2020-ലെ സ.ഉ(സാധാ.) 862/2020/കൃഷി നമ്പർ ഉത്തരവ് പ്രകാരം 2020-21 സാമ്പത്തിക വർഷം കബനി പദ്ധതിയിൻകീഴിൽ പ്രവർത്തിച്ചിരുന്ന റെഗുലർ നിയമനം ലഭിച്ച ഉദ്യോഗസ്ഥർക്ക് 2402-00-001-99 NP ശീർഷകത്തിൽനിന്ന് കുടിശ്ശികയിനത്തിൽ ശമ്പളവും ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് താല്ക്കാലിക അനുമതി നല്കിയിട്ടുണ്ട്. കൂടാതെ 29-5-2021-ലെ 356/PB2/2020/കൃഷി നമ്പർ കത്ത് പ്രകാരം കബനി പദ്ധതിയിൽ ഉൾപ്പെട്ട 111 ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും 2402-00-001-99 NP ശീർഷകത്തിൽനിന്നും മാറുന്നതിനുള്ള തുടർ അനുമതിയും നല്കി സമിതി ശിപാർശയിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശിപാർശ

2402-00-102-81—ആപ്ലിക്കേഷൻ ഓഫ് ഇൻഫർമേഷൻ ടെക്നോളജി

വിഹിതം : 15,00,000 രൂപ (പദ്ധതി)

ഇ-ഗവേണൻസ് പരിപാടി വകുപ്പിൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഇ-ഓഫീസ് പ്രവർത്തനക്ഷമമാക്കുന്നതിന് കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനും നെറ്റ്‌വർക്കിംഗ്, ഇന്റർനെറ്റ് കണക്ഷൻ എന്നിവയ്ക്കായും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗംവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷം ആപ്ലിക്കേഷൻ ഓഫ് ഇൻഫോർമേഷൻ ടെക്നോളജി എന്ന പദ്ധതിക്ക് 15 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. 2020-21 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ സംക്ഷിപ്ത വിവരണ റിപ്പോർട്ടിൽ പ്രസ്തുത തുക

വകുപ്പിന്റെ തൃശ്ശൂർ ആസ്ഥാനമാക്കിയുള്ള ഉപദേശക മൂല്യനിർണ്ണയ സെല്ലിന്റെ പ്രവർത്തനത്തിനായാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ, വകുപ്പിൽ ഇ-ആഫീസ് പ്രവർത്തനക്ഷമമാക്കുന്നതിന് കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് വകുപ്പ് ആവശ്യപ്പെട്ട പ്രകാരം ടി പദ്ധതിക്ക് 20 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗംവഴി അധികമായി വകയിരുത്തണമെന്ന് വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്തിരുന്നു.

ടി ശീർഷകത്തിൽ ലഭ്യമായ തുകയിൽനിന്നും 10 ലക്ഷം രൂപയ്ക്ക് കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് സമർപ്പിച്ച പ്രോപ്പോസലിന് അംഗീകാരം ലഭ്യമായിരുന്നില്ല. ആയതിനാൽ, 2402-00-102-81 (പദ്ധതി) ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷം തുകയൊന്നും ചെലവഴിക്കുവാൻ സാധിക്കാത്തതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധികധനാഭ്യർത്ഥന സർക്കാരിലേയ്ക്ക് വകുപ്പ് സമർപ്പിച്ചിട്ടില്ല.

## ശിപാർശ

2551-01-104-99—പശ്ചിമഘട്ടത്തിന്റെ സംയോജിത വികാസം-പരിസ്ഥിതി സംരക്ഷണവും ജൈവ വൈവിധ്യങ്ങളുടെ പുനഃസ്ഥാപനവും പ്രകൃതിവിഭവങ്ങളുടെ പരിപാലനവും

വിഹിതം : ഇല്ല

പശ്ചിമഘട്ടസെൽ മുഖാന്തരം 2014-15 വർഷത്തിൽ ഭരണാനുമതി നൽകിയ പദ്ധതികളുടെ പൂർത്തീകരണത്തിനും സ്പിൽഓവർ ബാധ്യതകൾക്കുമായി ഈ ശീർഷകത്തിൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗംവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

## സ്വീകരിച്ച നടപടി

പശ്ചിമഘട്ട സെൽ മുഖാന്തരം 2014-15 വർഷത്തിൽ ഭരണാനുമതി നൽകിയ പദ്ധതികളുടെ പൂർത്തീകരണത്തിനും സ്പിൽഓവർ ബാധ്യതകൾക്കുമായി ഈ ശീർഷകത്തിൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗംവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു.

ആയതുപ്രകാരം 2020-21 സാമ്പത്തിക വർഷം പൂർത്തീകരിച്ചതും പൂർത്തീകരിക്കുന്നതുമായ പ്രവൃത്തികളുടെ WGDP വിഹിതം അനുവദിക്കുന്നതിനായി 1 കോടി രൂപ ഉപധനാഭ്യർത്ഥന മുഖേന അപേക്ഷിച്ചിരുന്നുവെങ്കിലും ഈയിനത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച ഓരോ പദ്ധതികളുടെയും ക്ലെയിം സർക്കാരിൽ സമർപ്പിച്ചപ്പോൾ വിവിധഘട്ടങ്ങളിലായി അധികധനാനുമതിയായി മൊത്തം 80.29 ലക്ഷം രൂപ അനുവദിക്കുകയും 80.268 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

4551-01-800-98—മലയോര വികസന ഏജൻസി (RIDF)

വിഹിതം : ഇല്ല

മലയോര വികസന ഏജൻസിയുടെ കീഴിൽ നടപ്പാക്കിവരുന്ന പ്രവർത്തനങ്ങളുടെ സ്പിൽഓവർ ബാധ്യതകൾക്കായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗംവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സ്വീകരിച്ച നടപടി

മലയോര വികസന ഏജൻസിയുടെ കീഴിൽ നടപ്പാക്കിവരുന്ന പ്രവർത്തനങ്ങളുടെ സ്പിൽഓവർ ബാധ്യതകൾക്കായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ ഉപധനാഭ്യർതഥന/ ധനപുനഃവിനിയോഗംവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു. ഉപധനാഭ്യർതഥന മുഖേന 56,70,167 രൂപ അനുവദിക്കണമെന്ന് അപേക്ഷിച്ചിരുന്നു. ഈ ശീർഷകത്തിൽ അധികധനാനുമതിയായി 2020-21 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 22.22 ലക്ഷം രൂപ ക്രമീകരിക്കുന്നതിനും സ്പിൽഓവർ ബാധ്യതയായ 34.48167 ലക്ഷം രൂപ അനുവദിക്കുന്നതിനുമായി 56.70167 ലക്ഷം രൂപയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നത്. എന്നാൽ ഈയിനത്തിൽ അധികതുക അനുവദിച്ചില്ല.

എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ അധികധനാനുമ തിയായി അനുവദിച്ച 22.22 ലക്ഷം രൂപയിൽ 22.086 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം വിനിയോഗിച്ചിട്ടുണ്ട്.

ശിപാർശ

2551-60-101-97 – കാസർഗോഡ് പാക്കേജ്

വിഹിതം : 75,00,00,000 രൂപ (പദ്ധതി)

2020-21 സാമ്പത്തികവർഷം ഭരണാനുമതിക്കായി സമർപ്പിക്കുന്ന പദ്ധതികൾക്കും കൂടാതെ മുൻവർഷങ്ങളിൽ ഭരണാനുമതി ലഭിച്ച് പ്രവൃത്തി പുരോഗമിച്ചുവരുന്ന പദ്ധതികൾക്കുമായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 15 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗംവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സ്വീകരിച്ച നടപടി

കാസർഗോഡ് വികസന പാക്കേജിനായി, വിഷയനിർണ്ണയ സമിതി അധികമായി ശിപാർശ ചെയ്ത 15 കോടി രൂപ, നിലവിലെ വിഹിതം പൂർണമായും ചെലവഴിച്ചശേഷം പദ്ധതിയുടെ നടത്തിപ്പിനനുസരിച്ച് ആവശ്യമെങ്കിൽ സംസ്ഥാനത്തിന്റെ വിഭവലഭ്യതകൂടി കണക്കിലെടുത്ത് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശിപാർശ

2408-02-190-98—കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾക്കുള്ള സഹായം

വിഹിതം: 25,00,000 രൂപ (പദ്ധതി)

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ വെയർഹൗസുകളിൽ CCTV സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായും വെയർഹൗസിങ് കോർപ്പറേഷൻ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്ന Rodofoe യുടെ Research Development & Mixing യൂണിറ്റിനുവേണ്ടിയും ഈ ശീർഷകത്തിൽ 1.43 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗംവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ സമിതിയുടെ ശിപാർശ പ്രകാരം കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ കംപ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾക്കുള്ള സഹായത്തിനായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി 1.43 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ച് കിട്ടിയില്ല.

ശിപാർശ

4408-02-101-98—ഗോഡൗണുകളുടെയും കാർഷിക സമുച്ചയത്തിന്റെയും നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് നൽകുന്ന സഹായം

വിഹിതം: 12,35,00,000 രൂപ (പദ്ധതി)

കോട്ടയം ജില്ലയിലെ പാല, തൃശ്ശൂർ ജില്ലയിലെ കുന്നംകുളം എന്നിവിടങ്ങളിൽ ഗോഡൗൺ നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് നൽകിയിട്ടുള്ള ബജറ്റ് വിഹിതം കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3.44 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗംവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശ പ്രകാരം ഗോഡൗണുകളുടെയും കാർഷിക സമുച്ചയത്തിന്റെയും നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് നൽകുന്ന സഹായത്തിനായി 2020-21 സാമ്പത്തിക വർഷത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി 3.44 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചുകിട്ടിയില്ല.

<u>ശിപാർശ</u>

4408-02-190-99—<u>കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ മുതൽമുടക്ക്</u>

വിഹിതം: 25,00,000 രൂപ (പദ്ധതി)

2013-14, 2014-15, 2015-16, 2016-17, 2018-19, 2019-20 വർഷങ്ങളിൽ പദ്ധതിയിട്ടിരുന്ന ഗോഡൗണുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷനിൽനിന്നും പ്രസ്തുത വർഷങ്ങളിലെ ഓഹരി മൂലധനം ലഭിക്കുന്നതിനുമായി Share Capital ഇനത്തിൽ സംസ്ഥാന സർക്കാർ വകയിരുത്തിയ ഓഹരി മൂലധനം (ഓരോ വർഷവും 50 ലക്ഷം രൂപ വീതം) <u>3.25 കോടി രൂപ ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗംവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 44)

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശ പ്രകാരം കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ മുതൽമുടക്കിനായി 2020-21 സാമ്പത്തിക വർഷത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി 3.25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക ഒന്നും അനുവദിച്ചുകിട്ടിയില്ല.

<u>ശിപാർശ</u>

6408-02-190-98—<u>RIDF XVII-നുകീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് ലോൺ</u>

വിഹിതം : ഇല്ല (പദ്ധതി)

നബാർഡ് WIF (Warehouse Infrastructure Fund) പദ്ധതിയിൻകീഴിൽ പാലക്കാട് ജില്ലയിലെ മുതലമട, കൊഴിഞ്ഞാമ്പാറ, എറണാകുളം ജില്ലയിലെ പറവൂർ, കൊല്ലം ജില്ലയിലെ പുനലൂർ, ശാസ്താംകോട്ട, ആലപ്പുഴ ജില്ലയിലെ മാവേലിക്കര, ഹരിപ്പാട് എന്നിവിടങ്ങളിലെ ഗോഡൗണുകളുടെ നിർമ്മാണത്തിനായി തുക വകയിരുത്തിയിട്ടില്ലെന്ന്

സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഗോഡൗണുകളുടെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 25.055 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗംവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സ്വീകരിച്ച നടപടി

RIDF XVII/WF-നുകീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് ലോൺ എന്ന പദ്ധതിയിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി 25.055 കോടി രൂപ അനുവദിക്കണമെന്ന സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അധിക ധനാനുമതി (Additional Authorisation) പ്രകാരം 1.56 കോടി രൂപ അനുവദിക്കുകയും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

2403-00-001-99—നടത്തിപ്പ്

വിഹിതം : 9,86,90,000 രൂപ (പദ്ധതിയേതരം)

ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 12.5238 കോടി രൂപ ധനപുനഃവിനിയോഗം ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ ആവശ്യപ്പെട്ട അധിക തുക ലഭ്യമായിട്ടില്ല.

ശിപാർശ

2403-00-001-98—ജില്ലാ ഭരണം

വിഹിതം : 21,99,17,000 രൂപ (പദ്ധതിയേതരം)

മൃഗസംരക്ഷണ വകുപ്പിലെ ജില്ലാ ഓഫീസുകളിലെ ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ്, അവധി യാത്രാനുകൂല്യം എന്നിവയ്ക്കുവേണ്ടി ഈ ശീർഷകത്തിൽ 1.42228 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയായി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ ആവശ്യപ്പെട്ട അധികതുക ലഭ്യമായിട്ടില്ല.

ശിപാർശ

2403-00-101-99—കന്നുകാലി പ്ലേഗുരോഗ നിർമ്മാർജ്ജനം

വിഹിതം : 10,67,81,000 രൂപ (പദ്ധതിയേതരം)

കന്നുകാലി പ്ലേഗുരോഗ നിർമ്മാർജ്ജനത്തിനായി പ്രവർത്തിക്കുന്ന ഓഫീസുകളുടെ വെള്ളക്കരം, വാടക, നികുതി എന്നിവ നൽകുന്നതിന് ഈ ശീർഷകത്തിൽ 88,264 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയായി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ ആവശ്യപ്പെട്ട അധിക തുക ലഭ്യമായിട്ടില്ല.

ശിപാർശ

2403-00-101-98—ആശുപത്രികളും ഡിസ്പെൻസറികളും

വിഹിതം : 1,97,08,83,000 രൂപ (പദ്ധതിയേതരം)

ആശുപത്രികളിലെയും ഡിസ്പെൻസറികളിലെയും ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 2.27613 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയായി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ ആവശ്യപ്പെട്ട അധിക തുക ലഭ്യമായിട്ടില്ല.

ശിപാർശ

2403-00-101-71—വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം

വിഹിതം : 8,00,00,000 രൂപ (പദ്ധതി)

നിലവിലുള്ള 105 ബ്ലോക്കുകളിലെ കരാർ ജീവനക്കാരുടെ വേതനം സർക്കാർ ഉത്തരവ് നമ്പർ 112/2018-ധന, തീയതി 21-7-2018 പ്രകാരം വർദ്ധിപ്പിക്കുന്നതിനും അധികമായി ഇരുപത് ബ്ലോക്കുകളിൽകൂടി രാത്രികാല മൃഗചികിത്സാ സേവനം ലഭ്യമാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2.44 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയായി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

<u>സ്വീകരിച്ച നടപടി</u>

2020-21-ൽ ആവശ്യപ്പെട്ട അധിക തുക ലഭിച്ചില്ല. സംസ്ഥാനത്തെ 152 ബ്ലോക്കുകളിൽ ശേഷിച്ച 47 ബ്ലോക്കുകളിൽക്കൂടി രാത്രികാല അടിയന്തര വെറ്ററിനറി സേവനം ഏർപ്പെടുത്തുന്നതിന് 2020-21 ഒക്ടോബറിൽ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. മറ്റ് പദ്ധതികളിലെ സേവിംഗ്സ് ഉപയോഗപ്പെടുത്തിയാണ് പദ്ധതി എല്ലാ ബ്ലോക്കിലും വ്യാപിപ്പിക്കുന്നത്.

<u>ശിപാർശ</u>

2403-00-102-99—<u>ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ</u>

വിഹിതം : 86,40,28,000 രൂപ (പദ്ധതിയേതരം)

കന്നുകാലി വികസന പ്രോജക്ടുകൾക്കായി പ്രവർത്തിക്കുന്ന പ്രാദേശിക സെന്ററുകളിലും സബ് സെന്ററുകളിലും പ്രവർത്തിക്കുന്ന ജീവനക്കാരുടെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ <u>ഈ ശീർഷകത്തിൽ 5.04578 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയായി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 51)

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ ആവശ്യപ്പെട്ട അധിക തുക ലഭ്യമായിട്ടില്ല.

<u>ശിപാർശ</u>

2403-00-102-97—<u>ലൈവ്സ്റ്റോക്ക് ഫാമുകൾ</u>

വിഹിതം : 14,15,26,000 രൂപ (പദ്ധതിയേതരം)

കുടപ്പനക്കുന്ന് പ്രവർത്തിക്കുന്ന കന്നുകാലി ഫാമിലെയും ചെറ്റച്ചൽ, കുരിയോട്ടുമല, വിതുര എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഫാമുകളിലെയും വാഹനങ്ങളുടെ അറ്റകുറ്റപ്പണിക്കായി <u>ഈ ശീർഷകത്തിൽ 34,800 രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയായി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 52)

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ ആവശ്യപ്പെട്ട അധിക തുക ലഭ്യമായിട്ടില്ല.

ശിപാർശ

2403-00-102-96—വർഗ്ഗ സങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

വിഹിതം : 32,48,07,000 രൂപ (പദ്ധതിയേതരം)

പ്രാദേശിക മൃഗ പരിപാലന കേന്ദ്രങ്ങൾ, 9-ാം പദ്ധതിയിൽ ആരംഭിച്ച ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ, അവയുടെ കീഴിലുള്ള പ്രാദേശിക സെന്ററുകൾ, സബ് സെന്ററുകൾ എന്നിവയിലെ ജീവനക്കാർക്ക് മെഡിക്കൽ റീ-ഇമ്പേഴ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 9.9941 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയായി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ ആവശ്യപ്പെട്ട അധിക തുക ലഭ്യമായിട്ടില്ല.

ശിപാർശ

2403-00-102-81 - ഡിപ്പാർട്ട്മെന്റ് ഫാമുകൾ ശക്തിപ്പെടുത്തൽ

വിഹിതം : 11,00,00,000 രൂപ (പദ്ധതി)

മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ഫാമുകളിൽ തീറ്റ, തീറ്റപ്പുൽ, മരുന്നുകൾ, പാരന്റ് സ്റ്റോക്ക് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ ആവശ്യപ്പെട്ട അധികതുക ലഭ്യമായിട്ടില്ല.

ശിപാർശ

2403-00-102-79- പ്രത്യേക കന്നുകാലി വികസന പദ്ധതി

വിഹിതം : 10,12,18,000 രൂപ (പദ്ധതിയേതരം)

കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കുന്ന സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ ശമ്പളം, വേതനം, യാത്രാബത്ത, ഓഫീസ് ചെലവ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 3.07 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ ആവശ്യപ്പെട്ട അധിക തുക ലഭ്യമായിട്ടില്ല.

<u>ശിപാർശ</u>

2403-00-102-78—<u>R.K.V.Y.</u>—<u>സഹകരണത്തോടെയുള്ള ഗോവർദ്ധിനി പദ്ധതി</u>

വിഹിതം : 40,00,00,000 രൂപ (പദ്ധതി)

ഗോവർദ്ധിനി പദ്ധതിയിൽ പുതിയതായി 16000 പശുക്കളെക്കൂടി ഉൾപ്പെടുത്തുന്നതിനായി <u>ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 56)

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ ആവശ്യപ്പെട്ട അധിക തുക ലഭ്യമായിട്ടില്ല.

<u>ശിപാർശ</u>

2403-00-103-99—<u>കോഴി വളർത്തൽ കേന്ദ്രങ്ങൾ</u>

വിഹിതം : 13,07,49,000 രൂപ (പദ്ധതിയേതരം)

മൃഗസംരക്ഷണ വകുപ്പിലെ കോഴി വളർത്തൽ കേന്ദ്രങ്ങളുടെയും സെൻട്രൽ ഹാച്ചറികളുടെയും കെട്ടിട നികുതി അടയ്ക്കുന്നതിനായി <u>ഈ ശീർഷകത്തിൽ 3.27699 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 57)

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ ആവശ്യപ്പെട്ട അധിക തുക ലഭ്യമായിട്ടില്ല.

<u>ശിപാർശ</u>

2403-00-103-84—<u>വീട്ടുപരിസരത്ത് കോഴി വളർത്തൽ വികസന പരിപാടി</u>

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

കൂടുതൽ സ്കൂളുകളിൽ ടി പദ്ധതി നടപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ <u>1.25 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 58)

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ ആവശ്യപ്പെട്ട അധിക തുക ലഭ്യമായിട്ടില്ല.

<u>ശിപാർശ</u>

2403-00-105-99—<u>പന്നിവളർത്തൽ വികസന പദ്ധതി</u>

വിഹിതം : 1,97,64,000 രൂപ (പദ്ധതിയേതരം)

പന്നി വളർത്തൽ വികസന പദ്ധതിയിൽ കീഴിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് നൽകുന്നതിനായി <u>ഈ ശീർഷകത്തിൽ 58,791 രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 59)

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ ആവശ്യപ്പെട്ട അധിക തുക ലഭ്യമായിട്ടില്ല.

<u>ശിപാർശ</u>

2403-00-109-96—<u>വികസനവും പരിശീലനവും</u>

വിഹിതം : 3,97,84,000 രൂപ (പദ്ധതിയേതരം)

വകുപ്പിന് കീഴിലുള്ള ഉദ്യോഗസ്ഥരുടെ അവധി യാത്രാനുകൂല്യം നൽകുന്നതിനായി <u>ഈ ശീർഷകത്തിൽ 3.71114 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 60)

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ ആവശ്യപ്പെട്ട അധിക തുക ലഭ്യമായിട്ടില്ല.

**കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്**

2403-00-190-94—<u>കെ.എസ്.പി.ഡി.സി.-ക്ക് സഹായം</u>

വിഹിതം : 7,50,00,000 രൂപ (പദ്ധതി)

സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ ഗ്രാമീണ വനിതകൾക്കുവേണ്ടിയുള്ള കോഴി വളർത്തൽ പദ്ധതി-കെപ്കോ ആശ്രയ, കെപ്കോ വനിതാ മിത്രം പദ്ധതി, കുഞ്ഞുകൈകളിൽ

കോഴിക്കുഞ്ഞ് പദ്ധതി, ഫാമുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ, കെപ്കോ-കുടുംബശ്രീ കേരള ചിക്കൻ പദ്ധതി എന്നീ പദ്ധതികളുടെ നടത്തിപ്പിനായി ഈ ശീർഷകത്തിൽ 8.5 കോടി രൂപ ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ ശിപാർശ ചെയ്ത അധിക തുക ലഭ്യമായിട്ടില്ല.

ശിപാർശ

2415-03-277-99-36—കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി-സഹായധനം-ശമ്പളേതരം.

വിഹിതം : 80,17,03,000 രൂപ (പദ്ധതിയേതരം)

കേരള കാർഷിക സർവ്വകലാശാലയിൽനിന്നും ലഭിക്കേണ്ടതായ പ്രോവിഡന്റ് ഫണ്ടും അതിന്റെ പലിശയും സർവ്വകലാശാലയിൽനിന്നും വിരമിച്ചവർക്ക് കൊടുക്കുവാനുള്ള ഡി.സി.ആർ.ജി., ടെർമിനൽ സറണ്ടർ, കമ്മ്യൂട്ടേഷൻ, പെൻഷൻ പരിഷ്കരണത്തിന് ആവശ്യമായ തുക, അധ്യാപകരുടെ യു.ജി.സി. കുടിശ്ശിക, യു.ജി.സി. റിവിഷൻ, കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷൻ കുടിശ്ശിക തൊഴിലാളികളെ എൻ.പി.എസ്.-ൽ ഉൾപ്പെടുത്തിയ വകയിൽ സർവ്വകലാശാല വിഹിത കുടിശ്ശിക എന്നിവ നല്കുന്നതിനായി ഈ ശീർഷകത്തിൽ 72.7139 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ ശിപാർശ ചെയ്ത അധിക തുക ലഭ്യമായിട്ടില്ല.

എന്നാൽ കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവ്വകലാശാലയിലെ ജീവനക്കാരുടെ മാർച്ച് മാസത്തെ ശമ്പളം, പെൻഷൻ എന്നിവ നൽകുന്നതിനായി 25-3-2021 തീയതിയിലെ സ.ഉ.(സാധാ.) 129/2021/എ.എച്ച്.ഡി. പ്രകാരം അഡീഷണൽ ആതറൈസേഷൻ മുഖേന 9.06 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

2415-03-277-99-31—കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി-സഹായധനം - ശമ്പളം

വിഹിതം: 50,00,00,000 രൂപ (പദ്ധതി)

2019-20 പ്ലാൻ ഇനത്തിൽ ലഭിക്കേണ്ടതായ 57 കോടി രൂപയിൽ 15 കോടി രൂപ മാത്രമാണ് ഇതുവരെ അനുവദിച്ചുകിട്ടിയിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 7 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗംവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ ശിപാർശ ചെയ്ത അധിക തുക ലഭ്യമായിട്ടില്ല.

**മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്**

2403-00-190-93—എം.പി.ഐ.-ക്ക് സഹായം

വിഹിതം : 2,50,00,000 രൂപ (പദ്ധതി)

മാംസോല്പാദന രംഗത്ത് കേരളത്തിൽ പ്രവർത്തിക്കുന്ന ഒരേയൊരു പൊതുമേഖലാ സ്ഥാപനമാണ് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ (എം.പി.ഐ.) ലിമിറ്റഡ്, ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനുവേണ്ടി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കൊല്ലം ജില്ലയിലെ ഏരൂർ അഞ്ചൽ വാല്യൂ ആഡഡ് പ്രോസസ്ഡ് മീറ്റ് പ്രൊഡക്ഷൻ ഫെസിലിറ്റി എന്ന മാംസ സംസ്കരണ യൂണിറ്റിനായി 86 ലക്ഷം രൂപയും ഇടയാറിൽ എം.പി.ഐ. കാമ്പസിലുള്ള കോഴി ഇറച്ചി സംസ്കരണ പ്ലാന്റിനോട് ചേർന്ന് അധിക ശേഷിയുള്ള ഒരു റെന്ററിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 2 കോടി രൂപയും, എം.പി.ഐ. ക്യാമ്പസിൽ കോഴികുഞ്ഞുങ്ങളെ ആവശ്യത്തിന് പരിപാലിച്ച് വളർത്താനും കോഴി ഇറച്ചി സംസ്കരണ പ്ലാന്റിനുമായി 2 കോടി രൂപയും, തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ സ്ഥാപിക്കുന്ന കാള, പോത്ത്, കിടാരി കേന്ദ്രം എന്ന പദ്ധതിയ്ക്കായി 3 കോടി രൂപയും ഭക്ഷ്യ സുരക്ഷ അവയർനസ് പ്രോഗ്രാമിനായി 1 കോടി രൂപയും, ഉൾപ്പെടെ ഈ ശീർഷകത്തിൽ 8.86 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ ശിപാർശ ചെയ്ത അധിക തുക ലഭ്യമായിട്ടില്ല.

ശിപാർശ

2403-00-190-93—എം.പി.ഐ.-ക്ക് സഹായം

വിഹിതം : ഇല്ല (നോൺ പ്ലാൻ)

മാർക്കറ്റിംഗ് ശക്തിപ്പെടുത്തുന്നതിനായി തിരുവനന്തപുരത്ത് ഒരു മോഡേൺ മീറ്റ് ഷോപ്പ് സ്ഥാപിക്കുന്നതിന് 2.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ ശിപാർശ ചെയ്ത അധിക തുക ലഭ്യമായിട്ടില്ല.

**കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്**

2403-00-190-83—കേരള ലൈവ്സ്റ്റോക്ക് ബോർഡിനുള്ള സഹായം

വിഹിതം :36,50,00,000 രൂപ (പദ്ധതി)

കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ കീഴിലുള്ള കന്നുകാലി പ്രജനനം ശക്തിപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതിക്കായി 17 ലക്ഷം രൂപയും പന്നിവളർത്തൽ മേഖലയുടെ വികസനത്തിനായി 20 ലക്ഷം രൂപയും കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ച് തീറ്റപ്പുൽ ഉൽപ്പാദനകേന്ദ്രങ്ങൾ സ്ഥാപിക്കുകയും തീറ്റപ്പുൽ ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ സ്ഥാപിക്കുകയും ചെയ്യുന്നതിനുള്ള പദ്ധതിക്കായി 20 ലക്ഷം രൂപയും ഫീൽഡ് പെർഫോർമൻസ് റിക്കോർഡിംഗ് വഴി കന്നുകാലികളുടെ ജനിതക ഗുണമേൻമ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിക്കായി 24 ലക്ഷം രൂപയും കേരളത്തിന്റെ വടക്കൻ ജില്ലകളിൽ നടപ്പാക്കുന്ന ദേശീയ ക്ഷീരപദ്ധതിയുടെ ഭാഗമായുള്ള സന്തതി പരിശോധന പദ്ധതിക്കായി 10 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 91 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ ശിപാർശ ചെയ്ത അധിക തുക ലഭ്യമായിട്ടില്ല.

കേരള ഫീഡ്സ് ലിമിറ്റഡ്

ശിപാർശ

2403-00-190-86—കേരള ഫീഡ്സ് ലിമിറ്റഡിനുള്ള സഹായം

വിഹിതം:5,00,00,000 രൂപ (പദ്ധതി)

ക്ഷീര കർഷകർക്ക് കുറഞ്ഞ നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുന്നതിനായി ഈ ശീർഷകത്തിൽ 45 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ ശിപാർശ ചെയ്ത അധിക തുക ലഭ്യമായിട്ടില്ല.

ശിപാർശ

2404-00-001-99—ഡയറക്ടറേറ്റ്

വിഹിതം: 15,71,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 01(5) ഇനത്തിൽ 2.16 ലക്ഷം രൂപയും 05(2) വൈദ്യുതി ചെലവ് ഇനത്തിൽ 2.13 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 4.29 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

സ്വീകരിച്ച നടപടി

അധിക തുക വകയിരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

ശിപാർശ

2404-00-001-98—ജില്ലാഭരണം

വിഹിതം : 16,28,11,000 രൂപ (പദ്ധതിയേതരം)

01(4) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ 1.5 ലക്ഷവും 01(5) മറ്റ് അലവൻസുകൾ ഇനത്തിൽ 3.23 ലക്ഷവും 02(1) പേ ഇനത്തിൽ 5.4 ലക്ഷവും 02(2) ക്ഷാമബത്ത ഇനത്തിൽ 3.12 ലക്ഷവും 02(04) കൺസോളിഡേറ്റഡ് പേ ഇനത്തിൽ 41,000 രൂപയും 02(05) ദിവസവേതനം ഇനത്തിൽ 2.73 ലക്ഷം രൂപയും 05(2) വൈദ്യുതി ചെലവ് ഇനത്തിൽ 2.55 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ ആകെ 18.94 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

സ്വീകരിച്ച നടപടി

അധിക തുക വകയിരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

ശിപാർശ

2404-00-001-97—വികസന പ്രവർത്തന ഘടകങ്ങൾ

വിഹിതം : 30,69,28,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 02(2) ക്ഷാമബത്ത ഇനത്തിൽ 2.24 ലക്ഷവും 02(04) കൺസോളിഡേറ്റഡ് പേ ഇനത്തിൽ 9.66 ലക്ഷവും ഉൾപ്പെടെ 11.9 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

സ്വീകരിച്ച നടപടി

അധിക തുക വകയിരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

ശിപാർശ

2404-00-102-79—കാലിത്തീറ്റയ്ക്കുള്ള സബ്സിഡി
വിഹിതം: 13,00,00,000 രൂപ (പദ്ധതി)

സംസ്ഥാനത്തെ 3.5 ലക്ഷം ക്ഷീരകർഷകർക്ക് 1 രൂപ നിരക്കിൽ വർഷം മുഴുവനും കാലിത്തീറ്റ സബ്സിഡി നൽകുവാൻ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 55 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

സ്വീകരിച്ച നടപടി

വർഷം മുഴുവൻ ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി ലഭ്യമാക്കുന്നതിന് ഉപധനാഭ്യർത്ഥനവഴി 55 കോടി രൂപ അധികമായി ആവശ്യപ്പെട്ടിരുന്നു എങ്കിലും നാളിതുവരെ ഈയിനത്തിൽ അധിക തുകയൊന്നും ലഭിച്ചിട്ടില്ല.

ശിപാർശ

2404-00-102-77—കൃഷിക്കാരുടെ ഭൂമിയിലും ക്ഷീരോല്പാദക സഹകരണ സംഘങ്ങളിലും കാലിത്തീറ്റ ഉൽപ്പാദനവും സൂക്ഷിക്കലും

വിഹിതം: 7,60,000 രൂപ (പദ്ധതി)

കൂടുതൽ തീറ്റപ്പുൽക്കൃഷി പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

സ്വീകരിച്ച നടപടി

തീറ്റപ്പുൽക്കൃഷി പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിരുന്ന തുക അപര്യാപ്തമായതിനാൽ 90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും നാളിതുവരെ ഈയിനത്തിൽ അധിക തുകയൊന്നും ലഭിച്ചിട്ടില്ല.

ശിപാർശ

2404-00-102-76—ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് ഇൻഷ്വറൻസ് പദ്ധതിക്ക് ധനസഹായം

വിഹിതം: 25,00,000 രൂപ (പദ്ധതി)

ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

സ്വീകരിച്ച നടപടി

ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കുന്നതിനായി നിലവിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധിക തുക അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ശിപാർശ

2404-00-102-75—കന്നുകാലിത്തീറ്റ കൃഷി - വലിയതുറ സ്വീവേജ് ഫാം

വിഹിതം: 2,14,13,000 രൂപ (പദ്ധതിയേതരം)

സ്റ്റേറ്റ് ഫോഡർ ഫാമിന്റെ ദൈനംദിന പ്രവർത്തന ചെലവുകളും ഫാം തൊഴിലാളികളുടെ വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനുമായി ഈ ശീർഷകത്തിൽ ആകെ 1.88 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

സ്വീകരിച്ച നടപടി

അധിക തുക വകയിരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

ശിപാർശ

2404-00-109-98—ക്ഷീരവികസന പരിശീലനകേന്ദ്രം

വിഹിതം: 4,54,73,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 02(2) ക്ഷാമബത്ത ഇനത്തിൽ 51,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

സ്വീകരിച്ച നടപടി

അധിക തുക വകയിരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

ശിപാർശ

2404-00-109-95—ഗുണനിയന്ത്രണ ലാബുകളുടെ ശക്തിപ്പെടുത്തൽ

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്ന പാലിന്റെയും പാലുല്പന്നങ്ങളുടെയും കാലിത്തീറ്റയുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിനായി വകുപ്പിന്റെ സ്റ്റേറ്റ് ഡെയറി ലാബ്, റീജിയണൽ ഡെയറി ലാബ്, മൊബൈൽ ലാബ്, ജില്ലാ ലാബുകൾ എന്നിവയുടെ ആധുനികവൽക്കരണത്തിനായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാതെ വന്ന സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ആവശ്യപ്പെട്ടിരുന്നെങ്കിലും നാളിതുവരെ ഈയിനത്തിൽ അധിക തുകയൊന്നും ലഭിച്ചിട്ടില്ല.

ശിപാർശ

2404-00-195-94-34—ക്ഷീരസഹകരണ സംഘങ്ങൾക്ക് സഹായം

വിഹിതം: 15,50,00,000 രൂപ (പദ്ധതി)

ക്ഷീരസഹകരണ സംഘങ്ങളിൽ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും ക്ഷീരസംഘങ്ങളിലൂടെ കർഷകർക്ക് സബ്സിഡി നിരക്കിൽ പച്ചപ്പുല്ല്, വയ്ക്കോൽ എന്നിവ എത്തിച്ചുനൽകുന്നതിനും സഹകരണ മേഖലാ പ്രചാരണ

പരിപാടി സംഘടിപ്പിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 3.17 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

സ്വീകരിച്ച നടപടി

ക്ഷീരസഹകരണ സംഘങ്ങളിൽ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും ക്ഷീരസംഘങ്ങളിലൂടെ സബ്സിഡി നിരക്കിൽ പച്ചപ്പുല്ല്, വയ്ക്കോൽ എന്നിവ എത്തിച്ചുനൽകുന്നതിനും സഹകരണ മേഖലാപ്രചാരണ പരിപാടികൾക്കുമായി ഉപധനാഭ്യർത്ഥനപ്രകാരം 3.17 കോടി രൂപ ആവശ്യപ്പെട്ടിരുന്നു. എന്നാൽ അധികതുകയായ 3.17 കോടി രൂപ നാളിതുവരെ ലഭിച്ചിട്ടില്ല.

ശിപാർശ

2404-00-800-78—ക്ഷീരകർഷക ക്ഷേമനിധി ബോർഡിനുള്ള ധനസഹായം

വിഹിതം: ഇല്ല (പദ്ധതി)

സർക്കാരിന്റെ നയപരമായ തീരുമാനപ്രകാരം പെൻഷൻ തുക 1,200 രൂപയായി വർദ്ധിപ്പിക്കുമ്പോൾ ഉണ്ടാകുന്ന അധികസാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നതിന് ആവശ്യമായ 167.33 കോടി രൂപ അനുവദിക്കേണ്ടതുണ്ട്. എന്നാൽ ഈ ശീർഷകത്തിൽ തുകയൊന്നും വകകൊള്ളിച്ചതായി കാണുന്നില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 167.33 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

സ്വീകരിച്ച നടപടി

ക്ഷീരകർഷക ക്ഷേമനിധിയിൽനിന്ന് പെൻഷൻ തുക നൽകുന്നതിനായി ക്ഷീരവികസന വകുപ്പിന് സർക്കാർ വിഹിതം അനുവദിച്ചിട്ടില്ല. എന്നാൽ സാമൂഹ്യ സുരക്ഷാ വകുപ്പ് മുഖേന ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ നൽകുന്നതിനുള്ള സർക്കാർ വിഹിതമായി 167.80 കോടി രൂപ ഈ സർക്കാരിന്റെ കാലത്തിൽ ആകെ അനുവദിച്ച് ലഭിച്ചിട്ടുണ്ട്. 2020-21 വർഷം മാത്രമായി നാളിതുവരെ 64.30 കോടി രൂപ ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് അനുവദിച്ചുനൽകിയിട്ടുണ്ട്.

ശിപാർശ

4404-00-800-95 - LAR കേസുകൾക്കുള്ള നഷ്ടപരിഹാരം

വിഹിതം: ഇല്ല

LAR: '302/88-28എ' പ്രകാരം നഷ്ടപരിഹാരം നൽകുന്നതിനായി ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ടി ശീർഷകത്തിൽ 2 കോടി രൂപ ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

സ്വീകരിച്ച നടപടി

അധിക തുക വകയിരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

ശിപാർശ

2405-00-101-96—കായലിൽ മത്സ്യങ്ങളെ വളർത്തൽ

വിഹിതം : 14,50,000 രൂപ (പദ്ധതിയേതരം)

സംസ്ഥാനത്തെ കായലുകളിലും മറ്റ് ജലാശയങ്ങളിലും മത്സ്യ/ചെമ്മീൻ വളർത്തൽ പരിപാടിയിൽ തുടർന്നുവരുന്ന ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 13.5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

സർക്കാർ സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ 14,50,000 രൂപ വകയിരുത്തിയിരുന്നു. ഇതിൽ 9,42,800 രൂപ മാത്രമെ ചെലവഴിച്ചിട്ടുള്ളൂ. അതിനാൽ അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശിപാർശ

2405-00-101-95—മത്സ്യക്കുഞ്ഞുല്പാദന ഫാമുകൾ

വിഹിതം : 14,91,000 രൂപ (പദ്ധതിയേതരം)

മത്സ്യക്കുഞ്ഞുല്പാദന ഫാമുകളിൽ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി 2.09 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ 14,91,000 രൂപ വകയിരുത്തിയിരുന്നു. ഇതിൽ 7,38,162 രൂപ മാത്രമെ ചെലവഴിച്ചിട്ടുള്ളൂ. അതിനാൽ അധിക തുക അനുവദിക്കേണ്ടി വന്നില്ല.

<u>ശിപാർശ</u>

2405-00-101-94—<u>കായൽ പരിശോധനയ്ക്ക്</u>

വിഹിതം : 36,78,000 രൂപ (പദ്ധതിയേതരം)

നദീമുഖങ്ങൾ, ജലാശയങ്ങൾ, കായലുകൾ എന്നിവിടങ്ങളിലെ നിയമരഹിതമായ മത്സ്യബന്ധനം തടയുന്നതിന് പ്രവർത്തിച്ചുവരുന്ന ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി <u>13.22 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 82)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ 36,78,000 രൂപ വകയിരുത്തിയിരുന്നു. ഇതിൽ 32,05,656 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. അതിനാൽ അധിക തുക അനുവദിക്കേണ്ടി വന്നില്ല.

<u>ശിപാർശ</u>

2405-00-101-91—<u>പൊതുമേഖലയിൽ ഉപ്പുജല മത്സ്യഫാമുകൾ</u>

വിഹിതം : 1,20,63,000 രൂപ (പദ്ധതിയേതരം)

പൊതുമേഖലയിലെ ഉപ്പുജല മത്സ്യ/ചെമ്മീൻ ഫാമുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി <u>ഈ ശീർഷകത്തിൽ 10.37 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 83)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ 1,20,63,000 രൂപ വകയിരുത്തിയിരുന്നു. ഇതിൽ 95,70,421 രൂപ മാത്രമെ ചെലവഴിച്ചിട്ടുള്ളൂ. അതിനാൽ അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശിപാർശ

2405-00-101-90—ദേശീയ വിത്തുല്പാദന പരിപാടി

വിഹിതം : 1,30,03,000 രൂപ (പദ്ധതിയേതരം)

മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള ദേശീയ മത്സ്യക്കുഞ്ഞുല്പാദന കേന്ദ്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 1.2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

സർക്കാർ സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ 1,30,03,000 രൂപ വകയിരുത്തിയിരുന്നു. ബഡ്ജറ്റ് വിഹിതത്തിന് പുറമെ 25,62,000 രൂപ ധനപുനഃവിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2405-00-101-88—നാടൻ വള്ളങ്ങളും സജ്ജീകരണങ്ങളും മെച്ചപ്പെടുത്തൽ

വിഹിതം : 1,12,50,000 രൂപ (പദ്ധതിയേതരം)

ഉൾനാടൻ മേഖലയിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉപയോഗിച്ച് വരുന്ന നാടൻ വള്ളങ്ങളുടെയും വലകളുടെയും സുഗമമായ പ്രവർത്തനത്തിനും അവയുടെ സജ്ജീകരണങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികളുടെ നടത്തിപ്പിന് അനുവദിച്ചതും തുടർന്ന് വരുന്നതുമായ ജീവനക്കാരുടെ ശമ്പളം, വേതനം, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 9.5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

സർക്കാർ സ്വീകരിച്ച നടപടി

നടപ്പ് സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ 1,12,50,000 രൂപ വകയിരുത്തിയിരുന്നതിൽ 90,05,344 രൂപ മാത്രമെ ചെലവഴിച്ചിട്ടുള്ളൂ എന്നതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2405-00-101-57—മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയുള്ള വിവര ശേഖരണം

വിഹിതം: ഇല്ല

ഉൾനാടൻ/കടൽ മത്സ്യ ബന്ധനത്തിന്റെ വിവരശേഖരണവുമായി ബന്ധപ്പെട്ട ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, മറ്റ് ചെലവുകൾ എന്നിവയ്ക്കായുള്ള പദ്ധതി ശീർഷകം പദ്ധതിയേതര ശീർഷകത്തിലേയ്ക്ക് മാറ്റി ഈ ശീർഷകത്തിൽ 52 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന: വിനിയോഗംവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

സ്വീകരിച്ച നടപടി

ഉൾനാടൻ/കടൽ മത്സ്യബന്ധനത്തിന്റെ വിവരശേഖരണവുമായി ബന്ധപ്പെട്ട സ്റ്റാറ്റിസ്റ്റിക്സ് സെക്ഷനിലെ ജീവനക്കാരുടെ 2020-21-ലെ ശമ്പളം, യാത്രാബത്ത, മറ്റ് ചെലവുകൾ എന്നിവയ്ക്കായുള്ള പദ്ധതിയുടെ ശീർഷകം 2405-00-101-57(പി) എന്ന പ്ലാൻ ഹെഡിൽനിന്നും 2405-00-109-99-00 (എൻ) എന്ന നോൺ പ്ലാൻ ഹെഡിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ആയതിനാൽ 2020-21 സാമ്പത്തിക വർഷത്തിൽ 2405-00-101-57(പി) എന്ന ഹെഡിൽ 52 ലക്ഷം രൂപ അനുവദിക്കേണ്ടി വന്നില്ല.

ശിപാർശ

2405-00-101-53—ഉൾനാടൻ പ്രദേശങ്ങളിൽ മത്സ്യഭവനുകൾ സ്ഥാപിക്കൽ

വിഹിതം : 1,50,00,000രൂപ (പദ്ധതി)

അക്വാകൾച്ചർ പ്രവർത്തനങ്ങളുടെ അഭിവൃദ്ധി ലക്ഷ്യമിട്ടുകൊണ്ട് അതിനുള്ള സാങ്കേതിക പിന്തുണ, മാർഗ്ഗനിർദ്ദേശം, മേൽനോട്ടം എന്നിവയ്ക്കായി ഉൾനാടൻ പ്രദേശങ്ങളിൽ മത്സ്യഭവനുകൾ സ്ഥാപിക്കുന്നതിനും അതിന്റെ നടത്തിപ്പിനുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 87)

സ്വീകരിച്ച നടപടി

നടപ്പ് സാമ്പത്തിക വർഷം 2405-00-101-53 എന്ന ശീർഷകത്തിൽ അനുവദിക്കപ്പെട്ട 1.5 കോടി രൂപയിൽ 8.5 ലക്ഷം രൂപ മാത്രമെ ചെലവഴിച്ചിട്ടുള്ളൂ. ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി തുക അനുവദിക്കേണ്ടി വന്നില്ല.

ശിപാർശ

2405-00-102-97—ബോട്ടുനിർമ്മാണശാലകൾ

വിഹിതം : 6,41,000 രൂപ (പദ്ധതിയേതരം)

ബേപ്പൂരിലെയും ശക്തികുളങ്ങരയിലെയും ബോട്ടുനിർമ്മാണശാലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 3.59 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 6,41,000 രൂപ വകയിരുത്തിയിരുന്നു. ഇതിൽ 5,11,508 രൂപ മാത്രമെ ചെലവഴിച്ചിട്ടുള്ളൂ. അതിനാൽ അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശിപാർശ

2405-00-103-99—സമുദ്ര മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനുവേണ്ടി അതിർത്തി മേഖലകളിൽ റോന്തുചുറ്റൽ

വിഹിതം : 8,98,19,000 രൂപ (പദ്ധതിയേതരം)

കടൽമത്സ്യബന്ധന നിയന്ത്രണ നിയമം ഫലപ്രദമായി നടപ്പിലാക്കുവാൻ പോലീസ് സൂപ്രണ്ടിന്റെ ചുമതലയിൽ പ്രവർത്തിച്ചുവരുന്ന വിഭാഗത്തിലെ ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി 1.0181 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 89)

സ്വീകരിച്ച നടപടി

നടപ്പ് സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ 8,98,19,000 രൂപ വകയിരുത്തിയിരുന്നതിൽ 6,80,15,332 രൂപ മാത്രമെ ചെലവഴിച്ചിട്ടുള്ളൂ എന്നതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2405-00-103-97—മത്സ്യബന്ധന തുറമുഖങ്ങളുടെ സംരക്ഷണവും നടത്തിപ്പും

വിഹിതം : 4,19,61,000 രൂപ (പദ്ധതിയേതരം)

മത്സ്യബന്ധന തുറമുഖങ്ങളുടെ സംരക്ഷണത്തിനും നടത്തിപ്പിനുമായി ബജറ്റിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.1089 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 90)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ ശിപാർശ ചെയ്തിരുന്ന അധിക വിഹിതം അനുവദിക്കാൻ കഴിഞ്ഞില്ല.

<u>ശിപാർശ</u>

2405-00-103-87—<u>സംയോജിത മത്സ്യബന്ധന വികസന പ്രോജക്ടിനുകീഴിൽ മത്സ്യബന്ധനത്തിന് അനുയോജ്യമായ യന്ത്രഭാഗങ്ങൾ നൽകൽ</u>

വിഹിതം : ഇല്ല

സംയോജിത മത്സ്യബന്ധന വികസന പ്രോജക്ടിനുകീഴിൽ മത്സ്യബന്ധനത്തിന് അനുയോജ്യമായ യന്ത്രഭാഗങ്ങൾ വാങ്ങി നൽകുന്നതിന് <u>ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 91)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പദ്ധതി തുടങ്ങിയ വർഷങ്ങളിൽ 2405-00-103-87 (പി) എന്ന ഹെഡ് ഓഫ് അക്കൗണ്ട് ആയിരുന്നത് നിലവിൽ 2405-00-110-98 (പി) എന്ന ശീർഷകത്തിലാണ് ബജറ്റിൽ തുക വകയിരുത്തുന്നത്. ആകയാൽ 2405-00-110-98(പി) ഹെഡിൽ 30,00,000 രൂപ 2020-21 സാമ്പത്തിക വർഷത്തിൽ അഡീഷണൽ ഓതറൈസേഷനായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2405-00-103-86—<u>മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ സുരക്ഷയ്ക്കായി മറൈൻ ആംബുലൻസ്</u>

വിഹിതം : ഇല്ല

കടൽരക്ഷാ പ്രവർത്തനത്തിനായി കൊച്ചിൻ ഷിപ്പ് യാർഡിൽ നിർമ്മിച്ചു കൊണ്ടിരിക്കുന്ന 3 മറൈൻ ആംബുലൻസുകളുടെ ഇന്ധന ചെലവ്, മാനിംഗ്, മെഡിക്കൽ ഉപകരണങ്ങൾ, പാരാമെഡിക്കൽ ജീവനക്കാരുടെ ക്രമീകരണം എന്നിവയ്ക്കായി <u>2കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 92)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മറൈൻ ആംബുലൻസിന്റെ ചെലവിലേക്കായി 2405-00-103-76(പി) എന്ന ശീർഷകത്തിൽനിന്നും ചെലവ് നിർവഹിച്ചുവരുന്നതിനാൽ 2405-00-103-86 എന്ന ശീർഷകത്തിൽ തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2405-00-103-83—<u>മത്സ്യത്തൊഴിലാളികൾക്കുള്ള ഉൽപ്പാദന ബോണസ്</u>

വിഹിതം : ഇല്ല

മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾ വഴി സമുദ്ര മത്സ്യ ലേലത്തിൽ പങ്കെടുക്കുകയും സംഘത്തിൽ വിഹിതം അടയ്ക്കുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികൾക്ക് ലേല തുകയുടെ 0.5% തുക ബോണസ് ആയി നൽകുന്നത് കൂടുതൽ മത്സ്യത്തൊഴിലാളികൾക്ക് ഇടനിലക്കാരെ ഒഴിവാക്കി സഹകരണ സംഘം വഴി ലേലത്തിൽ പങ്കെടുക്കുന്നതിന് സഹായകരമാകും എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ <u>ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 93)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തുക അനുവദിക്കുന്നതിനായി ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

<u>ശിപാർശ</u>

2405-00-103-82—<u>സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി.ഡി.സി സഹായം)</u>

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

മത്സ്യഫെഡ് വഴി എൻ.സി.ഡി.സി. ധനസഹായത്തോടെ നടപ്പിലാക്കുന്ന ഐ.എഫ്.ഡി.പി. 17-18 പദ്ധതി പ്രകാരം അംഗമായ മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നൽകുന്നതിനായി <u>ഈ ശീർഷകത്തിൽ 4.2318 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 94)

സർക്കാർ സ്വീകരിച്ച നടപടി

ശീർഷകത്തിൽ അനുവദിച്ചിരുന്ന തുക പൂർണ്ണമായും മത്സ്യഫെഡിന് ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2405-00-103-74—തീരദേശ പ്രാദേശിക വികസന പാക്കേജുകളുടെ സമഗ്ര പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ

വിഹിതം : ഇല്ല

തീരദേശ പ്രാദേശിക വികസന പാക്കേജുകൾ നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 95)

സർക്കാർ സ്വീകരിച്ച നടപടി

അഡീഷണൽ ഓതറൈസേഷൻ, SDG എന്നിവ പ്രകാരം തുക ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുവദിച്ച് നൽകാൻ കഴിഞ്ഞില്ല.

ശിപാർശ

2405-00-103-71—സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ

വിഹിതം : ഇല്ല (പദ്ധതി)

പങ്കാളിത്ത വിഭവ മാനേജ്മെന്റ് സംവിധാനത്തെക്കുറിച്ച് ബോധവത്കരണം നടത്തുന്നതിനും സെമിനാറുകൾ സംഘടിപ്പിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 96)

സർക്കാർ സ്വീകരിച്ച നടപടി

ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിൽ എന്നിവ രൂപീകരിച്ച് ഉത്തരവായിട്ടില്ലാത്ത സാഹചര്യത്തിൽ എസ്സ്.എഫ്.എം.സി.ക്ക് 2020-21 സാമ്പത്തിക വർഷത്തിൽ 2405-00-103-71(പി) എന്ന ശീർഷകത്തിൽ പദ്ധതികൾക്കായി തുക ആവശ്യമായി വന്നില്ല.

ശിപാർശ

2405-00-103-71—സ്റ്റേറ്റ് ഫിഷറീസ് മാനേജ് മെന്റ് കൗൺസിൽ

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

ജീവനക്കാരുടെ ശമ്പളം/വേതനം, മറ്റ് ആനുകൂല്യങ്ങൾ, ഓഫീസ് ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 1.0305 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 97)

സർക്കാർ സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ ശമ്പളം/വേതനം മറ്റ് ആനുകൂല്യങ്ങൾ, ഓഫീസ് ചെലവുകൾ എന്നിവ നിർവഹിക്കുന്നതിനായി സബ്ജക്ട് കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ 2405-00-103-71 (31) (Non Plan voted) എന്ന ശീർഷകത്തിൽ 86,59,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2405-00-103-69—ശുചിത്വ സാഗരം ജലാശയങ്ങളിൽനിന്നും പ്ലാസ്റ്റിക് നിർമ്മാർജ്ജന പദ്ധതി

വിഹിതം : 25,00,000 രൂപ (പദ്ധതി)

മുനമ്പം, ബേപ്പൂർ, പുതിയാപ്പ എന്നീ മത്സ്യബന്ധന തുറമുഖങ്ങളിൽ ശുചിത്വ സാഗരം പദ്ധതി നടപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 98)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അധികമായി തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ

2405-00-105-96—മൂല്യവർദ്ധിത വിപണി

വിഹിതം : ഇല്ല

ആറാട്ടുപുഴ ഫിഷ് മീൽ പ്ലാന്റ് സജ്ജമാക്കുന്നതിന് ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 99)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ആറാട്ടുപുഴയിലെ ഫിഷ് മീൽ പ്ലാന്റ്, സുനാമി റീഹാബിലിറ്റേഷൻ പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. 968.8 ലക്ഷം രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. 159.82 ലക്ഷം രൂപ ടിആർപി ഫണ്ടിൽ ലഭ്യമായിട്ടുണ്ട്. മത്സ്യഫെഡിന്റെ ഫണ്ടിൽനിന്നും 829.14 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അതിനാൽ അധിക തുക അനുവദിക്കേണ്ടി വന്നില്ല.

<u>ശിപാർശ</u>

2405-00-105-88—<u>തീരമൈത്രി സൂപ്പർ മാർക്കറ്റ്</u>

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

തീരമൈത്രി സൂപ്പർമാർക്കറ്റുകളിൽ സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിനായി <u>ഈ ശീർഷകത്തിൽ 39.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 100)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തീരമൈത്രി സൂപ്പർമാർക്കറ്റുകളിൽ സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിനായി തീരമാവേലി പദ്ധതി പ്രകാരം ഒക്ടോബർ 2017 മുതൽ മാർച്ച് 2019 വരെയുള്ള കുടിശ്ശിക ഇനത്തിൽ സപ്ലൈകോയ്ക്ക് സാഫ് നൽകാനുള്ള തുകയായ 25,70,233 രൂപ 2405-00-105-88 (നോൺ പ്ലാൻ) ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2405-00-105-86—<u>മത്സ്യമാർക്കറ്റുകൾ, വാല്യൂ അഡിഷൻ, വിളവെടുപ്പ് പൂർവ്വ പ്രവർത്തനങ്ങൾ എന്നിവയുടെ നവീകരണം</u>

വിഹിതം : 1,50,00,000 രൂപ (പദ്ധതി)

ലൈഫ് ഫിഷ് മാർക്കറ്റുകളുടെയും മത്സ്യസൂപ്പർ മാർക്കറ്റുകളുടെയും നിലവിലുള്ള മത്സ്യമാർക്കറ്റുകളുടെയും നവീകരണത്തിനുമായി <u>ഈ ശീർഷകത്തിൽ 2.5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗംവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു</u>.

(ഖണ്ഡിക 101)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മത്സ്യഫെഡ് വഴി നിർവഹണം നടത്തിയിരുന്ന 5 ഫിഷ് മാർട്ടുകളുടെ തുകയായ 50 ലക്ഷം രൂപയും അരൂർ ഫിഷ് മാർക്കറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള തുകയുടെയും പ്രവൃത്തിയുടെ ബില്ലുകൾ ലഭിക്കാതിരുന്നതിനാലും ഗവർണറുടെ നയപ്രഖ്യാപനത്തിൽ പറഞ്ഞിരുന്ന ഫിഷ് മാർട്ടുകളുടെ നിർമ്മാണം പ്രാഥമിക സഹകരണ സംഘങ്ങളുടെ സഹകരണത്തോടെ മത്സ്യഫെഡ് വഴി നടപ്പിലാക്കിയതിനാലും ടി പദ്ധതിക്ക് അധികതുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2405-00-109-98—<u>മത്സ്യബന്ധന സ്കൂളുകളും പരിശീലന കേന്ദ്രങ്ങളും</u>

വിഹിതം : 6,79,39,000 രൂപ (പദ്ധതിയേതരം)

സംസ്ഥാനത്തെ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിലെയും പരിശീലന കേന്ദ്രങ്ങളിലേയും ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ഓഫീസ് ചെലവുകൾക്കുമായി <u>ഈ ശീർഷകത്തിൽ 1.2061 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 102)

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ 2405-00-109-98 (പദ്ധതിയേതരം)ശീർഷകത്തിൽ 6,79,39,000 രൂപ വകയിരുത്തിയിരുന്നു. ഇതിൽ 4,94,11,337 രൂപ മാത്രമെ ചെലവഴിച്ചിട്ടുള്ളൂ. അതിനാൽ അധിക തുക അനുവദിക്കേണ്ടി വന്നില്ല.

<u>ശിപാർശ</u>

2405-00-109-95—<u>വികസനവും പരിശീലനവും</u>

വിഹിതം : 79,54,000 രൂപ (പദ്ധതിയേതരം)

ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 10.46 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 103)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതത്തിന് പുറമെ ഈ ശീർഷകത്തിൽ ഓടയം ഹാച്ചറിയുടെ നവീകരണത്തിനായി 55,00,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2405-00-109-95—കേരള അക്വാവെൻച്വർ ഇന്റർനാഷണൽ ലിമിറ്റഡ് (കെ.എ.വി.ഐ. എൽ.) ന്റെ പ്രവർത്തനങ്ങൾക്ക്

വിഹിതം : ഇല്ല

കാവിലിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 104)

സർക്കാർ സ്വീകരിച്ച നടപടി

കാവലിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി 2 കോടി അനുവദിക്കണമെന്ന് ശിപാർശ ചെയ്തിരുന്നുവെങ്കിലും തുക അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ

2405-00-109-91—വകുപ്പിന്റെ വികസനവും നവീകരണവും പരിശീലന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

മത്സ്യത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്കും അന്തർദേശീയ പരിശീലനവും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള പരിശീലന പരിപാടികളും വിജ്ഞാന വ്യാപനവും നടപ്പിലാക്കുന്നതിനും ഈ ശീർഷകത്തിൽ 1.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 105)

സ്വീകരിച്ച നടപടി

കോവിഡിന്റെ പശ്ചാത്തലത്തിൽ പരിശീലന പരിപാടികൾ, അന്തർദ്ദേശീയ പരിശീലന പരിപാടികൾ നടത്തുവാൻ കഴിയാത്ത സാഹചര്യമായതിനാൽ ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശിപാർശ

2405-00-120-98—ലിംഗ സമത്വ സ്ത്രീശാക്തീകരണ നയനിർവ്വഹണം-സ്റ്റാഫിനുള്ളധനസഹായം

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

ലിംഗ സമത്വ പദ്ധതി നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 9.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 106)

സർക്കാർ സ്വീകരിച്ച നടപടി

സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളി വനിതകൾക്ക് മുൻവർഷത്തെ പദ്ധതി പ്രവർത്തനംതുടർന്നുകൊണ്ടിരുന്ന സാഹചര്യത്തിൽ പുതിയ പ്രൊപ്പോസൽ സമർപ്പിക്കാത്തതിനാൽ ഫണ്ട് അനുവദിക്കേണ്ടി വന്നില്ല.

ശിപാർശ

2405-00-190-94—ലിംഗസമത്വ സ്ത്രീശാക്തീകരണ നയനിർവ്വഹണം-മത്സ്യഫെഡിനുള്ള ധനസഹായം

വിഹിതം: 1,000 രൂപ (പദ്ധതിയേതരം)

സ്ത്രീ ശാക്തീകരണ പദ്ധതിയിൽ സ്ത്രീകൾക്ക് മൈക്രോ എന്റർപ്രൈസസ്/സ്കിൽ ട്രെയിനിംഗ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 9.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 107)

സ്വീകരിച്ച നടപടി

സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളി വനിതകൾക്ക് പരിശീലനം നൽകുന്നതിനും മത്സ്യഫെഡ് സമർപ്പിച്ചിരുന്ന 10 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ

2405-00-800-99—മത്സ്യബന്ധനത്തൊഴിലാളികൾക്കുള്ള സമ്പാദ്യസമാശ്വാസ പദ്ധതിക്ക് അധിക സംസ്ഥാന വിഹിതം

വിഹിതം: 20,00,00,000 രൂപ (പദ്ധതി)

മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും പഞ്ഞമാസ കാലയളവിൽ തൊഴിൽനഷ്ടംമൂലമുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി 50% കേന്ദ്ര സഹായത്തോടെ നടപ്പാക്കിവരുന്ന പദ്ധതിയാണിത്. ഓരോ വർഷവും 6 തവണകളിലായി 1,500 രൂപ മത്സ്യത്തൊഴിലാളികളിൽനിന്ന് ശേഖരിച്ച് ബാങ്കിൽ

നിക്ഷേപിക്കുകയും സംസ്ഥാന വിഹിതമായ 3,000 രൂപയും ചേർത്ത് 4,500 രൂപ മൂന്ന തവണകളിലായി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നു. ഇതനുസരിച്ച് 1,76,000 മത്സ്യത്തൊഴിലാളികൾ 2019-20 വർഷം പദ്ധതിയിൽ അംഗമായി കഴിഞ്ഞു. ഇവർക്ക് 2020-21 വർഷം മേയ്, ജൂൺ, ജൂലൈ മാസങ്ങളിലായി പദ്ധതി വിഭാവനം ചെയ്ത രീതിയിൽ ധനസഹായം അനുവദിക്കേണ്ടതുണ്ട്. 2020-21 വർഷം ഇതിനായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 32.80 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗംവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 108)

സർക്കാർ സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷം വകയിരുത്തിയിരുന്ന 2000 ലക്ഷം കൂടാതെ അഡീഷണൽ ഓതറൈസേഷനായി 6,82,80,000 രൂപ, 26,73,98,000 രൂപ എന്നീ തുകകൾ അനുവദിക്കുകയും ടി തുകകൾ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

2405-00-800-96—മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിന് ധനസഹായം (ഹഡ്കോ ധനസഹായം)(യാൺ ട്വിസ്റ്റിങ്ങ് യൂണിറ്റ്, പറവൂർ)

വിഹിതം : ഇല്ല (പദ്ധതി)

ആലപ്പുഴ ജില്ലയിലെ പറവൂരിൽ ട്വൈൻ ട്വിസ്റ്റിങ്ങ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി ഈ ശീർഷകത്തിൽ 5കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 109)

സർക്കാർ സ്വീകരിച്ച നടപടി

ആലപ്പുഴ ജില്ലയിലെ പറവൂരിൽ ട്വൈൻ ട്വിസ്റ്റിങ്ങ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 6 കോടി രൂപയാണ് ആവശ്യമുണ്ടായിരുന്നത്. 5 കോടി രൂപയ്ക്ക് റീ-അപ്രോപ്രിയേഷൻ വഴി ഫണ്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിൻപ്രകാരം 1 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

ശിപാർശ

2405-00-800-94—മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്കുള്ള സഹായം മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പെൻഷൻ

വിഹിതം : 80,00,00,000 രൂപ (പദ്ധതിയേതരം)

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി/വിധവ പെൻഷൻകാർക്ക് പ്രതിമാസ പെൻഷൻ നൽകുന്നതിന് ഈ ശീർഷകത്തിൽ 20.80 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 110)

സർക്കാർ സ്വീകരിച്ച നടപടി

മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്കുള്ള സഹായവും സാമൂഹ്യസുരക്ഷാ പെൻഷനോടൊപ്പം ലഭ്യമാക്കുന്നതിനാൽ അധിക തുക അനുവദിക്കേണ്ട ആവശ്യം വന്നില്ല.

ശിപാർശ

2405-00-800-50—മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മറ്റ് തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള ഇൻഷ്വറൻസ് പദ്ധതി

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള അനുബന്ധ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പ്രീമിയം ഒടുക്കുന്നതിനായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 111)

സർക്കാർ സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 3 കോടി രൂപ അനുവദിച്ചതിൽ 99.43 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ആകയാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

4405-00-103-98—സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി.ഡി.സി. സഹായം)

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

ഭരണാനുമതി ലഭിച്ചതും ഇപ്പോൾ നടപ്പിലാക്കിവരുന്നതുമായ സംയോജിത മത്സ്യവികസന പദ്ധതിക്കായി 3.23 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 112)

സർക്കാർ സ്വീകരിച്ച നടപടി

അഡീഷണൽ ആതറൈസേഷൻ മുഖേന 7.55 കോടി രൂപ അനുവദിച്ചിരുന്നു എങ്കിലും WAMS ക്ലിയറൻസ് ലഭിക്കാത്തതിനാൽ 7.55 കോടി രൂപ റിലീസ് ചെയ്ത\ നൽകുവാൻ കഴിഞ്ഞില്ല.

ശിപാർശ

4405-00-103-94 - തീരദേശ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തൽ

വിഹിതം : 80,00,00,000 രൂപ (പദ്ധതിയേതരം)

തീരദേശ റോഡുകളുടെ നവീകരണത്തിനായി ഈ ശീർഷകത്തിൽ 70 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 113)

സർക്കാർ സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ 4405-00-103-94 തീരദേശ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തൽ എന്ന ശീർഷകത്തിൽ 80 കോടി രൂപയ്ക്ക് പുറമെ 40 കോടി രൂപ അധികമായി അനുവദിച്ച് നല്കിയിട്ടുണ്ട്.

ശിപാർശ

4405-00-103-93—മത്സ്യത്തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യവികസനവും മാനവശേഷി വികസനവും

വിഹിതം : 20,00,00,000 രൂപ (പദ്ധതി)

മത്സ്യത്തൊഴിലാളികൾക്ക് നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതികളുടെ പൂർത്തീകരണത്തിനും പുനരധിവാസ പദ്ധതിയായ പുനർഗേഹം നടപ്പിലാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 30 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 114)

സർക്കാർ സ്വീകരിച്ച നടപടി

4405-00-103-93 എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 20 കോടിയിൽ 10 കോടി രൂപയാണ് പുനരധിവാസത്തിന് നീക്കിവച്ചിരുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും തൻവർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നുമാണ് പുനരധിവാസം

പദ്ധതിയ്ക്കായി തുക കണ്ടെത്തേണ്ടിയിരുന്നത്. ദുരിതാശ്വാസ നിധിയിൽനിന്നും 200 കോടി രൂപ അനുവദിച്ചിരുന്നു. പദ്ധതിക്ക് പ്രതീക്ഷിത പുരോഗതി 2020-21 വർഷത്തിൽ കൈവരിക്കാൻ കഴിയാതിരുന്നതിനാൽ CMDRF-ൽനിന്നും ധനവിനിയോഗം നടത്തുകയാണ് ഉണ്ടായത്. അതിനാൽ അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശിപാർശ

4405-00-103-92—വിഴിഞ്ഞം പുനരധിവാസ പദ്ധതി നടപ്പാക്കൽ-മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവും ഭൂമി ഏറ്റെടുക്കലും

വിഹിതം : ഇല്ല

വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കേണ്ടി വരുന്നവരുടെ പൂർണ്ണബാധ്യത സർക്കാർ ഏറ്റെടുത്ത് അവർക്കായി സ്ഥലവും ഭവനവും മറ്റ് ജീവനോപാധി സഹായങ്ങളും പരിശീലനങ്ങളും നൽകുന്നതിനും തിരുവനന്തപുരം ജില്ലയിലെ 8 മത്സ്യഗ്രാമങ്ങളിൽ ആർട്ടിഫിഷ്യൽ റീഫ് സ്ഥാപിക്കുന്നതിന് 375.63 ലക്ഷം രൂപയുടെ ഭരണാനുമതി പ്രകാരം 26.01 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസലുകൾ ഫണ്ട് അനുവദിക്കുന്നതിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിനുവേണ്ടി ഈ ശീർഷകത്തിൽ 30 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 115)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ സമിതി ശിപാർശ ചെയ്ത അധിക വിഹിതം അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ

4405-00-104-61—കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം (സംസ്ഥാന പദ്ധതി)

വിഹിതം : 52,00,000രൂപ (പദ്ധതി)

കൊയിലാണ്ടി സബ്ഡിവിഷനിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിലേയ്ക്കായി ഈ ശീർഷകത്തിൽ 18 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 116)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ സമിതി ശിപാർശ ചെയ്ത അധിക വിഹിതം അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ

4405-00-104-59—ചേറ്റുവ മത്സ്യബന്ധന തുറമുഖം (സംസ്ഥാന പദ്ധതി)

വിഹിതം : 40,00,000രൂപ (പദ്ധതി)

ചേറ്റുവ സബ്ഡിവിഷനിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിലേയ്ക്കായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 117)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ സമിതി ശിപാർശ ചെയ്ത അധിക വിഹിതം അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ

4405-00-104-58—ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം (സംസ്ഥാന പദ്ധതി)

വിഹിതം : 40,00,000 രൂപ (പദ്ധതി)

ചെറുവത്തൂർ സബ്ഡിവിഷനിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിലേയ്ക്കായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 118)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ സമിതി ശിപാർശ ചെയ്ത അധിക വിഹിതം അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ

4405-00-104-37—മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികളും മണ്ണ് നീക്കലും

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികളും മണ്ണ് നീക്കലും എന്ന പ്രവൃത്തിയ്ക്കും ഭരണാനുമതി ലഭിച്ച ഓഖി കോസ്റ്റൽ ഡെവലപ്മെന്റ് പാക്കേജിൽ ഉൾപ്പെട്ട പ്രവൃത്തികൾക്കുമായി ഈ ശീർഷകത്തിൽ 20 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 119)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ സമിതി ശിപാർശ ചെയ്ത അധിക വിഹിതം അനുവദിക്കാൻ കഴിഞ്ഞില്ല.

<u>ശിപാർശ</u>

4405-00-104-33—<u>മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾക്ക് (എൽ.എ.ആർ.) - ചാർജ്ജ് ചെയ്തത്</u>

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

വിവിധ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾക്ക് എൽ.എ.ആർ. കേസുകൾക്കായി വിഹിതം നൽകുന്നതിനായി <u>ഈ ശീർഷകത്തിൽ 27 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 120)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ സമിതി ശിപാർശ ചെയ്ത അധിക വിഹിതം അനുവദിക്കാൻ കഴിഞ്ഞില്ല.

<u>ശിപാർശ</u>

4405-00-104-32—<u>തലൈ മത്സ്യതുറമുഖത്തിനോടനുബന്ധിച്ച ചാലിൽ ഗോപാലപേട്ടയിലെ 'ഫിംഗർ ജെട്ടി' നിർമ്മാണം</u>

വിഹിതം : 1,50,00,000 രൂപ (പദ്ധതി)

ബഡ്ജറ്റ് പ്രസംഗം 2020-21 ൽ ഹാർബറുകൾക്കായി 50.00 കോടി രൂപ വകയിരുത്തുമെന്ന് പ്രസ്താവിച്ചിരുന്നു. പ്രവൃത്തി നടപ്പിലാക്കുവാൻ <u>55.00 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 121)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ തുകയൊന്നും അധികമായി അനുവദിക്കാൻ കഴിഞ്ഞില്ല.

<u>ശിപാർശ</u>

6405-00-195-99—<u>മത്സ്യബന്ധന വികസനത്തിന് സമഗ്ര മാർഗ്ഗനിർദ്ദേശങ്ങൾ പദ്ധതിക്കായി മത്സ്യഫെഡിന് കൊടുക്കുന്ന വായ്പ (എൻ.സി.ഡി.സി. സഹായം)</u>

വിഹിതം : 12,00,00,000 രൂപ (പദ്ധതി)

പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിൽ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾ

മത്സ്യഫെഡ് വിതരണം ചെയ്തുവരുന്നു. എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി വഴിയാണ് ഈ തുക വിതരണം ചെയ്യുന്നതെന്നും ടി പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 122)

സർക്കാർ സ്വീകരിച്ച നടപടി

ശീർഷകത്തിൽ അനുവദിച്ചിരുന്ന തുക പൂർണ്ണമായും മത്സ്യഫെഡിന് അനുവദിച്ചു നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി അഡീഷണൽ ഓതറൈസേഷൻ മുഖേന 26.18 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ WAMS ക്ലിയറൻസ് ലഭിക്കാത്തതിനാൽ 26.18 കോടി രൂപ റിലീസ് ചെയ്ത് നൽകാൻ കഴിഞ്ഞിട്ടില്ല.

ശിപാർശ

2415-05-277-99— കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്

വിഹിതം : 14,42,43,000 രൂപ (പദ്ധതിയേതരം)

കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് നോൺപ്ലാൻ വിഹിതത്തിൽ പത്ത് ശതമാനത്തിന്റെ കുറവു കാരണവും, പുതിയ ടീച്ചിംഗ്/നോൺ ടീച്ചിംഗ് ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ടും, ഈ ശീർഷകത്തിൽ 7.5757 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 123)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്തതനുസരിച്ച് അധിക തുക അനുവദിച്ച് നൽകാൻ കഴിഞ്ഞില്ല.

പുതിയ ശീർഷകം അനുവദിക്കുന്നതിന്

ഹാർബറുകളിൽ മത്സ്യം സൂക്ഷിക്കുന്നതിനുള്ള മത്സ്യ സംഭരണ കേന്ദ്രം സ്ഥാപിക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 1,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 124)

സർക്കാർ സ്വീകരിച്ച നടപടി

മത്സ്യസംഭരണ കേന്ദ്രം സ്ഥാപിക്കുന്നതിന് പുതിയ ശീർഷകം അനുവദിച്ച് 1000 രൂപ വകയിരുത്തണമെന്ന് സബ്ജക്ട് കമ്മിറ്റി ശിപാർശ നടപ്പിലാക്കാൻ കഴിഞ്ഞില്ല.

<u>പുതിയ ശീർഷകം അനുവദിക്കുന്നതിന്</u>

ഓൺലൈൻ മത്സ്യവിപണന കേന്ദ്രത്തിനായി പുതിയ ശീർഷകം അനുവദിച്ച് <u>1000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 125)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2020-21 കാലയളവിൽ ഓൺലൈൻ മത്സ്യവിപണന കേന്ദ്രത്തിനായി പുതിയ ശീർഷകം അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കാത്തതിനാൽ പുതിയ ശീർഷകം അനുവദിക്കുവാൻ കഴിഞ്ഞില്ല.

<u>ശിപാർശ</u>

ഓഖി ഫണ്ടിന്റെ ചെലവ് സംബന്ധിച്ച് ശ്രീമതി അരുണ റോയിയുടെ അദ്ധ്യക്ഷതയിൽ സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് <u>1,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 126)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്നതിന് പുതിയ ശീർഷകമായ 2405-00-800-95 അനുവദിച്ച് 1000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന (Demand No., XXXIII) വഴി വകയിരുത്തിയിട്ടുണ്ട്.

പി. പ്രസാദ്,

തിരുവനന്തപുരം,<br>2021 ജൂലൈ 2.

*ചെയർമാൻ,*<br>*സബ്ജക്ട് കമ്മിറ്റി I.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.